മലങ്കരസഭയുടെ ആരാധനാ ചരിത്രം

ഡോ. എം. കുര്യൻ തോമസ്

മതങ്ങളുടെ എല്ലാം ചരിത്രത്തിൽ അവയുടെ ആരാധനാ പാരമ്പര്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും അതിപ്രധാനമായ ഒരു സ്ഥാനമുണ്ട്. ക്രൈസ്തവ സഭകളിലാകട്ടെ, ഒരു പരിധി വരെ *സഭാചരിത്രം* എന്നത് ആരാധനാ പാരമ്പര്യത്തിന്റെ വികസന ചരിത്രമായി ആണ് ചില നൂറ്റാണ്ടുകളിൽ കാണപ്പെടുന്നത്. മലങ്കരസഭയിൽ ആരാധനാ പാരമ്പര്യത്തെപ്പറ്റി ഒറ്റയ്ക്കോ, പൊതു ചരിത്രവുമായി ബന്ധപ്പെടുത്തിയോ ഗൗരവമായ ഒരു പഠനം ഇതുവരെ നടന്നിട്ടില്ല എന്നത് ദുഃഖകരമായ ഒരു സത്യമാണ്.

മലങ്കരയിലെ ആരാധനക്രമങ്ങളുടെ ചരിത്രവും മലങ്കരസഭാ ചരിത്രവും അഭേദ്യമാംവണ്ണം കെട്ടുപിണഞ്ഞു കിടക്കുന്നുവെങ്കിലും മലങ്കരയുടെ ബ്രഹത് ചരിത്രമെഴുതിയവർ പോലും ആരാധനക്രമത്തെ കേവലം സ്പർശിച്ചു കടന്നുപോവുക മാത്രമാണ് ചെയ്തത്. ഇത് വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കാത്തതിനാലോ, രേഖകളുടെ അഭാവം കൊണ്ടോ, മറ്റു കാരണങ്ങൾകൊണ്ടോ ആകാം. ഏതായാലും മലങ്കരയുടെ അവിഘ്നമായ ഒരു ആരാധനാചരിത്രം ഇന്ന് ലഭ്യമല്ല. അവിഛിന്നമായ ഒരു ചരിത്രം രൂപപ്പെടുത്തിയെടുക്കുക ശ്രമകരമായ ഒരു ബ്രഹത് പദ്ധതിയാണ്. അപ്രകാരമുള്ള ഒരു ചരിത്രത്തിന്റെ ആമുഖ പഠനം മാത്രമാണ് ഈ ലേഖനം.

ലോകത്തിലെ ഏതാണ്ട് എല്ലാ ക്രൈസ്തവ ചിന്താധാരകളും പാരമ്പര്യങ്ങളും ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ മലങ്കരസഭയുടെ ആരാധനക്രമങ്ങളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അതിനാൽ അതിന്റെ വളർച്ചയും ഗതിവിഗതികളും കണ്ടെത്തുക എന്നത് തികച്ചും ദുഷ്കരമായ ഒരു കൃത്യമാണ്. ഒന്നാമത് അതിന്റെ സങ്കീർണ്ണത. രണ്ടാമത് ചരിത്രരേഖകളുടെ അഭാവം. 1876 വരെയുള്ള സ്ഥിതി ഇതാണ്.

മാർത്തോമ്മാ ശ്ലീഹായുടെ ക്രമം: മലങ്കരസഭാ സ്ഥാപകനായ മാർതോമാ ശ്ലീഹാ ഇന്ത്യയിൽ സുവിശേഷം അറിയിച്ചപ്പോൾ, വി.കുർബാന അർപ്പിക്കുകയും[1] വി. കുർബാനക്രമം സഭയ്ക്ക് നൽകുകയും ചെയ്തു എന്നാണ് സഭാപാരമ്പര്യം. എല്ലാ കുർബാന തക്സാകളുടേയും മാതാവായ *യറുശലേം തക്സ* അഥവാ കർത്താവിന്റെ സഹോദരനായ മാർ യാക്കോബിന്റെ ക്രമമാണ് അദ്ദേഹം ഉപയോഗിച്ചതെന്നാണ്

വിശ്വാസം. പൗരസ്ത്യ സഭയുടെ മറ്റൊരു പാരമ്പര്യമനുസരിച്ച് എല്ലാ ശ്ലീഹന്മാരും ഓരോ തക്സാ സ്വയം നിർമ്മിക്കുകയും തന്റെ വേലസ്ഥലത്തു നൽകുകയും ചെയ്തു.[2] അപ്രകാരം മാർതോമ്മാ ശ്ലീഹായുടെ സ്വന്തം ക്രമമായിരുന്നു മലങ്കരയിൽ നിലനിന്നിരുന്നത് എന്നാണ് മറ്റൊരു വിശ്വാസം.

ആദിമ നൂറ്റാണ്ടുകളിൽ എല്ലാ പുരാതനസഭകളിലും ആരാധനക്രമങ്ങൾ വളരുകയും പരിപുഷ്ടമാക്കപ്പെടുകയും ചെയ്തു. എന്നാൽ ഇത് പരസ്പരബന്ധമില്ലാത്ത (പൂർണ്ണമായും സ്വതന്ത്ര) വികസനമായിരുന്നില്ല. ഏതാണ്ട് എല്ലാ പ്രാദേശിക സഭകളും ആരാധനക്രമങ്ങളെ പരസ്പരം ഉൾക്കൊള്ളുകയും, കൈമാറുകയും ചെയ്യുക എന്നത് വിശ്വാസ വ്യത്യാസങ്ങൾ അവയെ തമ്മിൽ അകറ്റുന്ന കാലംവരെയെങ്കിലും പതിവായിരുന്നു. ഉദാഹരണത്തിന് പാശ്ചാത്യ സുറിയാനി കുർബാന തക്സായിൽ റോമിലെ പാത്രിയർക്കീസ് മാർ ദീവന്നാസ്യോസ് അരയോപഗൈറ്റ്, അലക്സന്ത്രിയായിലെ മാർ ദീയസ്കോറോസ് എന്നിവരുടെ പേരിലുള്ള അനാഫുറകൾ കാണുന്നുണ്ട്.[3]

ഭൂമിശാസ്ത്രപരമായി മറ്റു സഭകളുമായി ഏറ്റവും അകലെ കിടന്നിരുന്ന മലങ്കരസഭയ്ക്ക് ഇപ്രകാരം പരസ്പരബന്ധിതമായ ഒരു വികസനം അസാദ്ധ്യമായിരുന്നു. അതിനാൽ മലങ്കരസഭയ്ക്ക് പ. ശ്ലീഹാ നൽകിയ ഏക ക്രമം വളർച്ച മുരടിച്ച് മൃതപ്രായമാവുകയോ തീർത്തും അപ്രത്യക്ഷമാവുകയോ ചെയ്തിരിക്കാം. നാലാം നൂറ്റാണ്ടിൽ മലങ്കരസഭ വേദതലവന്മാരില്ലാതെ വിഷമിച്ചു എന്ന് ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നുണ്ട്.[4] ആ കാലമായപ്പോഴേയ്ക്കും ഈ ക്രമം പൂർണ്ണമായും നശിച്ചുപോയിരിക്കാൻ സാദ്ധ്യതയുണ്ട്. ഏതായാലും മലങ്കര നസ്രാണികളുടെ പ്രഥമ ആരാധനക്രമം ഏതെന്ന് കൃത്യമായി അറിയുവാൻ ഇന്ന് യാതൊരു മാർഗ്ഗവുമില്ല.

പതിറ്റുപ്പത്തിലെ പരാമർശനം: മാർ തോമ്മാ ശ്ലീഹാ ഉപയോഗിച്ച ക്രമം ഏതായാലും, അത് ഇന്നത്തെ ഒരു ക്രമം പോലെയും വിപുലവും വർണ്ണപ്പകിട്ടാർന്നതുമായിരിക്കില്ല. അടിസ്ഥാന ഘടകങ്ങൾ മാത്രമുൾപ്പെട്ട ഒരു ലളിതരൂപമായിരുന്നു അതെന്ന് നിസംശയം പറയാം. ഇന്നത്തെ വി. കുർബാന തക്സാകൾ എല്ലാം അപ്രകാരമുള്ള ലളിതമായ അടിസ്ഥാന തക്സാകളുടെ വിപുലീകരിച്ച രൂപങ്ങളാണ്.

ഈ പശ്ചാത്തലത്തിൽ വേണം എ.ഡി. ഒന്നാം നൂറ്റാണ്ടിലെ സംഘകാല കൃതിയായ പതിറ്റുപ്പത്തിൽ പരാമർശിക്കുന്ന *സമാധാനബലി*യെ കാണാൻ. ചില സമീപകാല ചരിത്രകാരന്മാരുടെ നിഗമനമനുസരിച്ച് *ചോറ്റുപിണ്ഡവും വീഞ്ഞാകുന്ന മദ്യവുമുപയോഗിച്ച്* നടത്തിയിരുന്ന

ബലിയെപ്പറ്റി പതിറ്റുപ്പത്തിലുള്ള പരാമർശനം അക്കാലത്തെ കേരള ക്രൈസ്തവരുടെ വി. കുർബാനയെപ്പറ്റിയാണ്.[5] പതിറ്റുപ്പത്തിലെതന്നെ മറ്റൊരു പദ്യത്തിൽ നിന്നും ഇത് സമാധാനബലിയായിരുന്നു എന്നും അവർ വ്യഖ്യാനിക്കുന്നു.[6] ഇതേ പദ്യം തന്നെ ഈ ബലിയുമായി പേർഷ്യ ക്കാർക്കുണ്ടായിരുന്ന ബന്ധവും സൂചിപ്പിക്കുന്നുണ്ട്.

ഈ വ്യാഖ്യാനങ്ങൾ ശരിയാണെങ്കിൽ വി. വേദപുസ്തകത്തിനു പുറത്ത് വി. കുർബാനയെപ്പറ്റിയുള്ള ആദ്യ പരാമർശമാണിത് (പതിറ്റു പ്പത്തിലെ പ്രസ്തുത പദ്യം എ.ഡി. 70-100 കാലത്തേതാണ്). എന്നാൽ ഈ വാദം അംഗീകരിക്കത്തക്ക നിലയിലുള്ള ഉപരിഗവേഷണം നടന്നി ട്ടില്ല. അതിനാൽ ഒരു ചരിത്രസത്യം എന്ന നിലയിൽ ഇതിനെ ഇന്ന് അംഗീകരിക്കാനാവില്ല. എങ്കിലും ഇത് ഗവേഷകരുടെ സവിശേഷശ്രദ്ധ ആകർഷിക്കേണ്ട വിഷയമാണ്.

മലങ്കരസഭയുടെ ആരാധനക്രമത്തെ സംബന്ധിച്ച് ലഭിക്കുന്ന ആദ്യത്തെ രേഖ രണ്ടാം ശതകത്തിൽ പന്തേനോസ് കണ്ട എബ്രായ ഭാഷയിലുള്ള മാർ മത്തായിയുടെ സുവിശേഷമാണ്. ഇത് സുറിയാനി (അരമായ) ഭാഷയിലായിരിക്കാനാണ് ഏറ്റവും കൂടുതൽ സാദ്ധ്യതയെന്ന് ഇസഡ്. എം. പാറേട്ട് തെളിയിച്ചിട്ടുണ്ട്.[7]

ക്നായിത്തൊമ്മന്റെ ആഗമനത്തിനു മുമ്പുള്ള കാലത്ത് മലങ്കര സഭയ്ക്ക് ബന്ധപ്പെടാൻ സാദ്ധ്യമായിരുന്ന സഭകൾ, അന്ന് കേരളം വാണിജ്യപരമായും, കടൽ ഗതാഗതം വഴിയായും ബന്ധപ്പെട്ടിരുന്ന പേർ ഷ്യൻ, അലക്സന്ത്രിയൻ എന്നിവയാണ്. ഇതിൽതന്നെ പൊതുവായ മാർത്തോമ്മാ പൈതൃകം പങ്കുവെയ്ക്കുന്ന പേർഷ്യൻ സഭയ്ക്ക് മുൻതൂക്കം ലഭിക്കുക സ്വാഭാവികവും.

പേർഷ്യയിലെ സാപ്പോർ രണ്ടാമൻ രാജാവിന്റെ കഠിന പീഡയിൽ നിന്നും രക്ഷപെടാൻവേണ്ടി നാടുവിട്ട ക്നായിത്തൊമ്മനും പരിവാര ങ്ങളും എ.ഡി. 345-ൽ കേരളത്തിലെത്തി. അവരോടൊപ്പം ഉറഹായിലെ യൗസേഫു മെത്രാനും ഉണ്ടായിരുന്നു എന്നാണ് പാരമ്പര്യം. ഉറഹാ, പൗരസ്ത്യ സഭയുടെ ഒരു പ്രധാന കേന്ദ്രമായിരുന്നു. ഇതോടെ മലങ്കര സഭയുടെ പേർഷ്യൻ ബന്ധം ആരംഭിക്കുകയോ പ്രബലമാവുകയോ ചെയ്തു. പേർഷ്യൻ ആരാധനക്രമങ്ങളുടെ മലങ്കരയിലെ പ്രചാരണ ത്തിനും ഈ ബന്ധം കാരണമായി.

പേർഷ്യൻ സഭയുടെ ആരാധനാക്രമം: അക്കാലത്ത് പേർഷ്യൻസഭ ഉപയോഗിച്ചിരുന്ന ആരാധനക്രമം എന്തായിരുന്നു? പൗരസ്ത്യ കൽദാ യസഭ ഇന്നുപയോഗിക്കുന്ന ഏറ്റവും പുരാതനമായ കുർബാന തക്സാ പോലും അക്കാലത്ത് ഉറഹാ (എഡേസ) യിൽ നിലവിലിരുന്ന ക്രമത്തിൽ

നിന്നും വിഭിന്നമായിരുന്നു എന്ന് അക്കാലത്ത് ഉറഹയിൽ വസിച്ചിരുന്ന മാർ അപ്രേമിന്റെ വിവരണങ്ങളെ ആശ്രയിച്ച് ചില ചരിത്രകാരന്മാർ വാദിക്കുന്നു.[8] എന്നാൽ ഇത് പാശ്ചാത്യ സുറിയാനി (അന്ത്യോഖ്യൻ) ക്രമത്തിന്റെ ഒരു പകർപ്പ് മാത്രമാണെന്ന വാദത്തിനും നിലനിൽപ്പില്ല. കാരണം ബാർ എബ്രായയുടെ കാലത്തുപോലും പൗരസ്ത്യർക്ക് പാശ്ചാത്യ സുറിയാനി ക്രമത്തിൽ നിന്നും വ്യത്യസ്തമായ ആരാധനാ നിയമങ്ങൾ ഉണ്ടായിരുന്നതായി തെളിവുകളുണ്ട്. വി. കുർബാന കൊടുക്കുന്ന രീതി[9] തന്നെ ഉദാഹരണം. പൗരസ്ത്യ സിംഹാസനം നെസ്തോറിയോസിനെ അംഗീകരിക്കുകയും ശേഷിച്ച പേർഷ്യൻ വിശ്വാസികൾ അന്ത്യോഖ്യാ സിംഹാസനത്തിനു കീഴ്പ്പെടുകയും ചെയ്തതോടെയാവാം ഈ ക്രമം അപ്രത്യക്ഷമായത്.

എ.ഡി. 431-ലെ എഫേസൂസ് സുന്നഹദോസ് നെസ്തോറിയോസിനെയും കൂട്ടരേയും വേദവിപരീതികളായി പുറംതള്ളി. നെസ്തോറിയൻ പാഷാണ്ഡത എന്നു വിശേഷിക്കപ്പെടുന്ന അന്ത്യോഖ്യൻ വേദശാസ്ത്രം അംഗീകരിച്ചിരുന്ന പേർഷ്യൻ സഭ, തങ്ങളുടെ വിശ്വാസത്തിനു സമാനമായ വിശ്വാസ സംഹിത സ്വീകരിച്ച നെസ്തോറിയോസിനെ പിൽക്കാലത്ത് അംഗീകരിച്ചു (എഫേസൂസ് സുന്നഹദോസിൽ അംഗീകരിക്കപ്പെട്ടതും ഇന്ന് അന്ത്യോഖ്യൻ സഭയും മലങ്കരസഭയും മറ്റ് ഓറിയന്റൽ ഓർത്തഡോക്സ് സഭകളും പിൻതുടരുന്നതും അലക്സാന്ത്രിയൻ വേദശാസ്ത്രമാണ്). അതോടുകൂടി, പേർഷ്യൻ സഭ മറ്റു സഭകളിൽ നിന്നും പൂർണ്ണമായും വിച്ഛേദിക്കപ്പെട്ടു. ഇത് പേർഷ്യൻ സഭയുടെ പരസ്പര ബന്ധിതമായ ആരാധനക്രമ വികസനത്തെയും അവസാനിപ്പിച്ചു. അതിനാൽ അന്ത്യോഖ്യൻ പാരമ്പര്യത്തിൽ 80-ൽ അധികം അനാഫുറാകൾ ഉള്ളപ്പോൾ പേർഷ്യൻ സഭയ്ക്ക് കേവലം മൂന്നു ക്രമങ്ങൾ മാത്രമാണുള്ളത്.[10]

പേർഷ്യൻ സഭയുടെ മൂന്നു കുർബാന തക്സാകൾ യഥാക്രമം മാർ ആദായി, മാർ മാറി ശ്ലീഹന്മാർ, നെസ്തോറിയോസ്, മൊപ്സുസ്റ്റിയായിലെ തിയദോർ എന്നിവരുടെ പേരിൽ അറിയപ്പെടുന്നു. ഇവയിൽ ഏറ്റവും പ്രധാനവും പുരാതനവും മാർ ആദായി, മാർ മാറി എന്നിവരുടെ തക്സായാണ്. *ശ്ലീഹന്മാരുടെ ക്രമം* എന്നാണ് ഇത് അറിയപ്പെടുന്നത്. ഈ തക്സായുടെ ചുവടുപിടിച്ച് പിൽക്കാലത്ത് രചിക്കപ്പെട്ടവയും,നെസ്തോറിയൻ വിശ്വാസത്തിന്റെ ഉജ്വല പ്രോക്താക്കളായ നെസ്തോറിയോസിന്റെയും തിയദോറിന്റെയും പേരു നൽകിയവയുമാണെന്ന് ചില ചരിത്രകാരന്മാർ തെളിയിച്ചിട്ടുണ്ട്.[11] അഞ്ചാം നൂറ്റാണ്ടിലോ അതിനു മുമ്പോ തന്നെ ശ്ലീഹന്മാരുടെ ക്രമം രൂപപ്പെട്ടതായി അവകാശപ്പെടുന്നുണ്ട്.

മാർ ആദായിയുടേയും മാർ മാറിയുടേയും ക്രമം: ഇന്നു നിലവിലുള്ള പൗരസ്ത്യ ക്രമങ്ങളിൽ ഏറ്റവും പുരാതനവും വിശദവുമായ ശ്ലീഹന്മാരുടെ ക്രമത്തെ നെസ്തോറിയൻ കാലഘട്ടത്തിലെ സൃഷ്ടിയായി കരുതാൻ വയ്യ. എഡേസാ കേന്ദ്രമാക്കിയുള്ള പൗരസ്ത്യസഭയിൽ ഈ ക്രമം നാലാം നൂറ്റാണ്ടു മുതലെങ്കിലും നിലനിന്നിരുന്നു.[12] യേറുശലേമിൽ നിന്നുള്ള ശ്ലീഹന്മാരുടെ ക്രമത്തിന്റെ (പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ, കർത്താവിന്റെ സഹോദരനും യേറുശലേമിലെ ഒന്നാമത്തെ എപ്പിസ്കോപ്പായുമായ മാർ യാക്കോബിന്റെ തക്സാ) പൗരസ്ത്യ വികസനമായി ആണ് ഈ ക്രമം കണക്കാക്കപ്പെടുന്നത്. മാർ ആദായി, മാർ മാറി എന്നിവർ യഥാക്രമം മാർ തോമ്മാ ശ്ലീഹായുടെ ഒന്നാമത്തെയും മൂന്നാമത്തെയും പിൻഗാമികളാണ്.[13] അവർ തന്നെ വികസിപ്പിച്ചതാണെങ്കിൽ ശ്ലീഹന്മാരുടെ ക്രമം രണ്ടാം നൂറ്റാണ്ടിൽ തന്നെ നിലവിൽ വന്നു എന്നു കരുതണം. നാലാം നൂറ്റാണ്ട് എന്നു കരുതിയാൽത്തന്നെ നെസ്തോറിയോസിനെയും കൂട്ടരെയും പൗരസ്ത്യസഭ അംഗീകരിക്കുന്ന എ.ഡി. 470-നു മുമ്പുതന്നെ ഈ ക്രമം നടപ്പിലായി എന്നത് തീർച്ചയാണ്.

നെസ്തോറിയോസിന്റെ മേൽ ആരോപിക്കപ്പെടുന്ന പാഷാണ്ഡത പേർഷ്യൻ സഭയെ തീണ്ടിയിട്ടില്ല എന്ന ശക്തമായ ഒരു വാദഗതി നിലവിലുണ്ട്.[14] പിൽക്കാല നിർമ്മിതികളായ നെസ്തോറിയോസ്, തിയദോർ എന്നിവരുടെ പേരിലുള്ള കുർബാന തക്സാകളിൽപോലും നെസ്തോറിയ വിശ്വാസത്തിന്റെ ലാഞ്ചന ഇന്നും ഇല്ലെന്നു വാദിക്കുന്നവരുമുണ്ട്.[15] അവ എന്തായാലും പിൽക്കാലത്ത് ഇവയിൽ നെസ്തോറിയൻ കലർപ്പുകൾ കടന്നിരിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. എങ്കിലും അടിസ്ഥാനപരമായി ശ്ലീഹന്മാരുടെ ക്രമം സത്യവിശ്വാസ വിരുദ്ധമായിരുന്നില്ല. അടിസ്ഥാന ഘടകങ്ങളിൽ ഇത് മറ്റു പൗരസ്ത്യ ക്രമങ്ങളോട് സമാനവുമാണ്.[16] ശ്ലീഹന്മാരുടെ ക്രമം റോമൻ തിരുത്തലുകളോടുകൂടി മദ്ധ്യ പൗരസ്ത്യ ദേശത്തെ റോമൻ സഭാംഗങ്ങളായ കൽദായക്കാരും കേരളത്തിലെ സീറോ-മലബാർ റോമൻ കത്തോലിക്കരും ഇന്നും ഉപയോഗിക്കുന്നുണ്ട്.[17] ചുരുക്കത്തിൽ വിശ്വാസ പിരിച്ചിലിനു മുമ്പുതന്നെ ഉപയോഗിച്ചിരുന്നതാണ് ശ്ലീഹന്മാരുടെ ക്രമം എന്നും, അവയുടെ പിൽക്കാല വികസനമാണ് മറ്റു രണ്ടു തക്സാകളെന്നും പറയാം.

മലങ്കരസഭയുടെ പേർഷ്യൻ ബന്ധം: അഞ്ചാം നൂറ്റാണ്ടിൽ തന്നെ പേർഷ്യൻ വേദപാഠശാലകളിൽ ഇന്ത്യൻ വൈദികരെ അയച്ചു പഠിപ്പിക്കുവാൻ തക്കവണ്ണം ശക്തമായ ഒരു ബന്ധം ഈ സഭകൾ തമ്മിൽ ഉണ്ടായിരുന്നു.[18] അതേ നൂറ്റാണ്ടിൽ തന്നെ നെസ്തോറിയൻ വിശ്വാസത്തിന്റെ നെടുംതൂണുകളുടെ കൃതികൾ ഇന്ത്യൻ സഭയ്ക്കായി പരിഭാ

ഷപ്പെടുത്തിയതിനും തെളിവുകളുണ്ട്. ഈ തെളിവുകൾ വിരൽ ചൂണ്ടുന്നത് ഈ കാലഘട്ടത്തിൽ തന്നെ മലങ്കരസഭ പേർഷ്യൻ ആരാധനാരീതി പിൻതുടർന്നു വന്നിരുന്നു എന്ന വസ്തുതയിലേക്കാണ്.

അഞ്ചാം നൂറ്റാണ്ടിനു മുമ്പു തന്നെ പേർഷ്യൻ ക്രമങ്ങൾ മലങ്കരയിൽ പ്രചരിച്ചു എന്നു കരുതിയാൽ, നെസ്തോറിയൻ തിരുത്തലുകൾ ഇല്ലാത്ത പൗരസ്ത്യ ക്രമമായിരിക്കും നടപ്പിൽ വന്നത്. പേർഷ്യൻ സഭ നെസ്തോറിയോസിനെ അംഗീകരിച്ചതോടുകൂടി മലങ്കരയിലും ഈ മാറ്റം സംഭവിച്ചു. പക്ഷേ രണ്ടു പ്രധാന കാരണങ്ങൾ കൊണ്ട് ഇത് ജനങ്ങളിൽ യാതൊരു ചലനവും ഉണ്ടാക്കിയിരിക്കാൻ ഇടയില്ല.

ഒന്നാമത്, പേർഷ്യൻ പാരമ്പര്യമനുസരിച്ച് ആരാധനയിൽ ജനങ്ങളുടെ പങ്കാളിത്തം പരിമിതമാണ്.[19] ആരാധനയും കർമ്മാനുഷ്ഠാനങ്ങളും പൂർണ്ണമായും പുരോഹിതന്മാരുടെ മാത്രം കർത്തവ്യമായി കരുതിയിരുന്ന ഇന്ത്യൻ മതപശ്ചാത്തലത്തിലുള്ള മലങ്കര നസ്രാണികൾ ആരാധനയിൽ നിന്നു പൂർണ്ണമായും അകന്നുനിന്നിരുന്നുവെങ്കിലും അത്ഭുതത്തിനവകാശമില്ല. അതിനാൽ ക്രമേണയായി കടന്നുവരുന്ന നിസാരമായ വ്യതിയാനങ്ങൾ അവർ അറിയുകയോ ഗൗനിക്കുകയോ ചെയ്യുമായിരുന്നില്ല. കൂടാതെ കേന്ദ്രീകൃതമായ ഒരു വൈദിക പഠനപദ്ധതി നിലവിലില്ലാതിരുന്ന മലങ്കരയിൽ ഇപ്രകാരം ഒരു മാറ്റം പൂർണ്ണമാകാൻ ചിലപ്പോൾ നൂറ്റാണ്ടുകൾ തന്നെ എടുത്തിരിക്കാനും സാദ്ധ്യതയുണ്ട്.

രണ്ടാമതായി, ക്രിസ്തുവിന്റെ സ്വഭാവത്തെക്കുറിച്ചുള്ള വാദപ്രതിവാദത്തിലൊന്നും ഇന്ത്യൻ ക്രിസ്ത്യാനികൾ പങ്കെടുത്തിരുന്നില്ല.[20] മുമ്പു രേഖപ്പെടുത്തിയ പോലെ എഡേസാ വൈദിക വിദ്യാലയത്തിൽ പഠിച്ച ഇന്ത്യൻ പുരോഹിതന്മാരും കാലാകാലങ്ങളിൽ പേർഷ്യയിൽ നിന്നെത്തിയവരും ഒരേ വിശ്വാസം തന്നെ പിൻതുടർന്നതിനാലും, മറ്റു സഭകളുമായുള്ള ബന്ധം തുലോം പരിമിതമായിരുന്നതിനാലും, ഒരു വേദശാസ്ത്ര തർക്കം മലങ്കരയിൽ ഉണ്ടാവുക അസാദ്ധ്യമായിരുന്നു.

ആറാം നൂറ്റാണ്ട് മുതൽ 14-ാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടത്തിലെ മലങ്കരസഭയുടെ പേർഷ്യൻ ബന്ധം തെളിയിക്കുന്ന അനേകം തെളിവുകൾ ലഭ്യമാണ്.[21] ഈ കാലഘട്ടത്തിൽ പേർഷ്യൻ ക്രമങ്ങൾ അതേ രീതിയിൽ തന്നെ മലങ്കരയിൽ പ്രചരിച്ചു. ഉദയംപേരൂർ സുന്നഹദോസിന്റെ കാലമായപ്പോഴേയ്ക്കും നെസ്തോറിയോസിന്റെയും, തിയദോറിന്റെയും കുർബാന തക്സാകളടക്കം സമ്പൂർണ്ണ പൗരസ്ത്യക്രമങ്ങൾ മലങ്കരയിൽ പ്രചാരത്തിലായി.

ആരാധനാഭാഷ: പേർഷ്യൻ സഭയുടെ ആരാധനാ ഭാഷയായ കൽദായ അഥവാ പൗരസ്ത്യ സുറിയാനി തന്നെയായിരുന്നു പത്തൊമ്പതാം

നൂറ്റാണ്ടു വരെയെങ്കിലും മലങ്കരയുടെയും ആരാധനാ ഭാഷ. ആദിമുതൽ തന്നെ ഒരു വിദേശ ഭാഷയെ ആരാധനാ ഭാഷയായി മലങ്കര നസ്രാണികൾ അംഗീകരിച്ചിരുന്നില്ല എന്നു വാദിക്കുന്നവരുമുണ്ട്. എന്നാൽ മലയാണ്മ സംസാരിക്കുകയും സംസ്കൃതം വൈദികഭാഷയായി അംഗീകരിക്കുകയും ചെയ്തിരുന്ന നമ്പൂതിരി സംസ്കാരിക പാരമ്പര്യത്തിൽ അഭിമാനിച്ചിരുന്ന നസ്രാണികൾക്ക് ഇതത്ര ബുദ്ധിമുട്ടുള്ള സംഗതിയായിരുന്നില്ല. കൂടാതെ ആരാധനയിൽ സാധാരണജനങ്ങളുടെ പങ്കാളിത്തം പരിമിതമായിരുന്നു. ആരാധന ഏതാണ്ട് പൂർണ്ണമായും വൈദികരുടെ മാത്രം കാര്യമായിരുന്നു. അതിനാൽ ഭാഷ ഒരു പ്രശ്നമായിരുന്നില്ല. ഇതിലൊക്കെ ഉപരിയായി, സുറിയാനി ഭാഷ, ക്രിസ്തുവിനു പിമ്പുള്ള ആദ്യ സഹസ്രാബ്ദത്തിലെ വ്യാപാരികളായ നസ്രാണികളുടെ അന്തർദേശീയ വ്യവഹാരഭാഷയായിരുന്നു.

അന്ത്യോഖ്യൻബന്ധം - ഉദയംപേരൂരിനു മുമ്പ്: 1599-ലെ ഉദയംപേരൂർ സുന്നഹദോസിനു മുമ്പ് മലങ്കരസഭ, പേർഷ്യൻ സഭയുടെ വൈദികാധികാരത്തിലും നെസ്തോറിയൻ വിശ്വാസത്തിലും നിലനിന്നിരുന്നു എന്നാണ് പൊതുവെ അംഗീകരിക്കപ്പെടുന്ന ചരിത്രം. അപൂർവ്വം ചിലർ ഇതിനെ എതിർക്കുന്നുണ്ട്. മറ്റു ചിലരുടെ അഭിപ്രായത്തിൽ, ബാബിലോൺ ഭരണം നിലനിന്നിരുന്നു എങ്കിലും മലങ്കരസഭയുടെ വിശ്വാസം 1550-ാം ആണ്ടു വരെ നെസ്തോറിയമായിരുന്നില്ല.[22] ഈ വാദങ്ങൾക്ക് വലിയ അർത്ഥമില്ല. കാരണം ഒരു സഭയുടെ വൈദികാധികാരത്തിനു വിധേയമായ സഭയ്ക്ക് മറ്റൊരു വിശ്വാസ സംഹിത പിൻതുടരുക അസാധ്യമാണ്.

എന്നാൽ ചില ചരിത്രകാരന്മാർ മലങ്കരസഭ 1500-നു മുമ്പ് അന്ത്യോഖ്യൻ ആധിപത്യത്തിലായിരുന്നു എന്നു തെളിയിക്കാൻ വേണ്ടി, ഉദയംപേരൂർ സുന്നഹദോസ് ഭേദപ്പെടുത്തിയ ആരാധനാക്രമങ്ങൾ പാശ്ചാത്യ സുറിയാനി സഭയുടേതാണെന്നു സ്ഥാപിക്കാൻ വ്യഥാ ശ്രമം നടത്തിയിട്ടുണ്ട്.[23] ഇത് അമിതമായ അന്ത്യോഖ്യാഭക്തി മൂലമോ, പൗരസ്ത്യ കൽദായ ക്രമങ്ങളിലുള്ള അജ്ഞത മൂലമോ സംഭവിച്ചതാകാം. ഉദയംപേരൂർ സുന്നഹദോസിൽ തിരുത്തിയത് പാശ്ചാത്യ സുറിയാനി ക്രമങ്ങളല്ല, കൽദായ ക്രമങ്ങളായിരുന്നു. ഈ വസ്തുത സുന്നഹദോസിന്റെ കാനോനകളിൽ നിന്നു തന്നെ വ്യക്തമാണ്.

മലങ്കരസഭ ആദിമുതൽ റോമൻ സഭയായിരുന്നു എന്ന വാദത്തിന്റെ സ്ഥിതിയും മറ്റൊന്നല്ല. അക്കാലത്ത് രചിക്കപ്പെട്ട അംഗീകൃത പോർട്ടുഗീസ്-റോമൻ കത്തോലിക്കാ ചരിത്രങ്ങളെ അവലംബിച്ചാൽ പോലും പോർട്ടുഗീസ് അധിനിവേശത്തിനു മുമ്പ് മലങ്കരസഭ റോമൻ കത്തോലിക്കാ വിശ്വാസമോ ആചാരമോ മേൽക്കോയ്മയോ സ്വീകരിച്ചിരുന്നില്ല

എന്ന് വ്യക്തമാണ്.[24] ഉദയംപേരൂരിനു മുമ്പുതന്നെ സഭ റോമൻ കത്തോലിക്കാ ആയിരുന്നെങ്കിൽ, ടി. സുന്നഹദോസിൽ വിശദമായ റോമൻ വിശ്വാസ പ്രഖ്യാപനവും, ബാഗ്ദാദിലെ കാതോലിക്കായെ തള്ളിപ്പറയലും ആവശ്യമായി വരികയില്ലായിരുന്നു.

ഉദയംപേരൂരിനു മുമ്പുള്ള നസ്രാണി സമൂഹം *യാക്കോബായ* എന്നു വിളിക്കപ്പെട്ടിരുന്ന അലക്സാന്ത്രിയൻ വേദശാസ്ത്രവും ആരാധനാ പാരമ്പര്യവും ഒരുകാലത്തും സ്വീകരിച്ചിരുന്നില്ല.[25] അതിനാലാണ് ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകളിൽ എഫേസൂസ് സുന്നഹദോസിനെയും മാർ കൂറിലോസിനെയും അംഗീകരിക്കുന്ന കാനോനോ[26] ആർച്ച് ബിഷപ്പ് മെനസിസ് ചേർത്തത്.

അർക്കദ്യക്കോൻ ഭരണം: മലങ്കരസഭയുടെ പേർഷ്യൻ ബന്ധത്തിന്റെ ഏറ്റവും നല്ല തെളിവാണ് 1653-ലെ കൂനൻകുരിശുസത്യം വരെ നിലനിന്നിരുന്ന അർക്കദ്യക്കോൻ ഭരണം. പൗരസ്ത്യ - പാശ്ചാത്യ സുറിയാനി സഭകളിൽ അർക്കദ്യക്കോന്മാർ തമ്മിൽ സാരമായ വ്യത്യാസങ്ങളുണ്ട്. പാശ്ചാത്യ സുറിയാനി സഭയിൽ അർക്കദ്യക്കോൻ, *മ്ശംശോനോ*യും (പൂർണ്ണ ശെമ്മാശൻ) പൗരസ്ത്യ സുറിയാനി സഭയിൽ കശീശയുമാണ്. പാശ്ചാത്യ സുറിയാനി സഭയിലെ മെത്രാന്റെ വൈദികകർമ്മ സഹായി മാത്രമാണ് അർക്കദ്യക്കോൻ. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ മെത്രാന്റെ അഭാവത്തിൽ അർക്കദ്യക്കോന് അദ്ദേഹത്തിന്റെ ഏതാണ്ടെല്ലാ ഭരണാധികാരവും ഉണ്ടായിരുന്നു. മെത്രാൻ പല പ്രധാന സംഗതികളും അർക്കദ്യക്കോനെ കൂടാതെ ചെയ്യരുതെന്ന് പേർഷ്യൻ സഭയുടെ കാനോനാകൾ വിലക്കിയിട്ടുണ്ട്.[27] പേർഷ്യൻ സഭാനിയമം അനുവദിക്കുന്ന അധികാരങ്ങൾ പുലർത്തിയിരുന്ന മലങ്കരയിലെ അർക്കദ്യക്കോന്മാർ (*അർക്കദ്യക്കോൻ കല്ലോദ് ഹിന്ദുവായോ*) അഥവാ ഇന്ത്യയൊക്കെയുടെയും അർക്കദ്യക്കോൻ, കശീശാമാരായിരുന്നു എന്നത് സ്ഥാപിക്കപ്പെട്ട വസ്തുതയാണ്. മലങ്കരസഭ പേർഷ്യൻ ക്രമം സ്വീകരിച്ചിരുന്നു എന്നതിന് ഏറ്റവും ശക്തമായ തെളിവുകളിലൊന്നായി ഇതിനെ കണക്കാക്കാം.

റോമൻ അധിനിവേശം: 1498-ൽ വാസ്കോഡിഗാമാ കോഴിക്കോട്ട് എത്തിയതോടുകൂടി *ഒരു കയ്യിൽ വാളും മറുകയ്യിൽ കുരിശുമായി* ലോകം കീഴടക്കാനിറങ്ങിയ പോർട്ടുഗീസുകാരുടെ ജൈത്രയാത്ര കേരളത്തിലും ആരംഭിച്ചു. ചുരുങ്ങിയ കാലംകൊണ്ട് ഇന്ത്യയിൽ രാഷ്ട്രീയ അടിത്തറ ഉറപ്പിച്ച പോർട്ടുഗീസുകാർക്ക് ഇന്ത്യൻ മണ്ണിൽ ക്രിസ്ത്യാനികളെക്കണ്ടത് ആദ്യം സന്തോഷപ്രദമായിരുന്നു. എങ്കിലും, റോമാ പാപ്പായുടെ ആധിപത്യം അംഗീകരിക്കാത്തവരും, ലത്തീൻ ക്രമങ്ങൾ സ്വീകരിക്കാത്തവരുമായ ക്രിസ്ത്യാനികളെ പാഷാണ്ഡരായി കണക്കാക്കുന്ന ശക്ത

മായ അസഹിഷ്ണുത അവർക്കുണ്ടായിരുന്നു.[28] രാഷ്ട്രീയാധികാരം ഉറപ്പിച്ച ഉടനെ അവരുടെ ശ്രദ്ധ നസ്രാണികളെ റോമൻ ആധിപത്യവും ആചാരവും അംഗീകരിപ്പിക്കുന്നതിലായി. റോമാ വിശ്വാസ - ആചാരങ്ങൾ സ്വീകരിക്കാനുള്ള നേരിട്ടുള്ള ക്ഷണം നസ്രാണികൾ നിരസിച്ചു. പണം കൊടുത്തു വശീകരിക്കാനായിരുന്നു പിന്നത്തെ ശ്രമം. അതും പരാജയപ്പെട്ടശേഷം കൊടുങ്ങല്ലൂരിൽ ഒരു വൈദിക സെമിനാരി സ്ഥാപിച്ച് ലത്തീൻ ക്രമങ്ങൾ അഭ്യസിപ്പിച്ചു തുടങ്ങി.[29]

ഈ ശ്രമവും പരാജയപ്പെട്ടതിനെ തുടർന്ന് വൈപ്പിക്കോട്ടയിൽ പുതിയ ഒരു സെമിനാരി സ്ഥാപിച്ചു. മലങ്കര നസ്രാണികളുടെ സുറിയാനി ഭാഷയോടുള്ള പ്രതിപത്തി മൂലമാണ് മുൻ ശ്രമങ്ങൾ പരാജയപ്പെട്ടതെന്ന നിഗമനത്തിലാണ് റോമൻ സഭാധികൃതർ എത്തിച്ചേർന്നത്. അതിനാൽ വൈപ്പിക്കോട്ടയിൽ മലങ്കരയെ പൂർണ്ണമായി ലത്തിനീകരിക്കുന്ന രീതി മാറ്റി സുറിയാനി കൂടി ഒരു പാഠ്യവിഷയമാക്കി. ലത്തീൻ കുർബാന തക്സാ സുറിയാനിയിലേയ്ക്കു പരിഭാഷപ്പെടുത്തി അവിടെ പഠിപ്പിച്ചു.[30] ഈ സെമിനാരിയേയും സഭ നിരാകരിച്ചു. തുടർന്ന് പേർഷ്യൻ മെത്രാന്മാർ മലങ്കരയിൽ എത്തിച്ചേരുന്നതു തടഞ്ഞുകൊണ്ടു പുതിയൊരു തന്ത്രം ആവിഷ്ക്കരിച്ചു. ഇതിന്റെ ഒക്കെയും പരിസമാപ്തിയാണ് 1599-ലെ ഉദയംപേരൂർ സുന്നഹദോസ്.

16-ാം നൂറ്റാണ്ടിൽ മലങ്കരസഭ, നെസ്തോറിയൻ വിശ്വാസവും പൗരസ്ത്യ ആരാധനക്രമവും ഉപയോഗിച്ചിരുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവ് കുപ്രസിദ്ധമായ ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ തന്നെയാണ്. ശക്തമായ രാഷ്ട്രീയ - സൈനിക സമ്മർദ്ദത്തിനുപോലും മലങ്കരയിൽ രൂഢമൂലമായ പേർഷ്യൻ പാരമ്പര്യത്തിനെ പൂർണ്ണമായും നീക്കാൻ സാധിക്കാതിരുന്നതിനാൽ ചില നീക്കുപോക്കുകൾ മെനസിസിനുപോലും അനുവദിക്കേണ്ടി വന്നു.[31]

ഉദയംപേരൂർ സുന്നഹദോസ്: അപൂർവ്വം ചില വിട്ടുവീഴ്ചകൾ ചെയ്തതൊഴിച്ചാൽ റോമാവിശ്വാസവും ലത്തീൻ ക്രമങ്ങളും മലങ്കരയെക്കൊണ്ട് ബലമായി അംഗീകരിപ്പിക്കുകയാണ് ഉദയംപേരൂരിൽ ചെയ്തത്. ട്രെന്റ് സുന്നഹദോസിന്റെ നിശ്ചയങ്ങളായിരുന്നു ഇവയുടെ അടിസ്ഥാന പ്രമാണം. ഈ ബലപ്രയോഗത്തിനു പോലും നസ്രാണികളുടെ പേർഷ്യൻ പാരമ്പര്യം പൂർണ്ണമായി അവസാനിപ്പിക്കാൻ സാധിച്ചില്ല. ഗോവാ ആർച്ച് ബിഷപ്പ് മെനസിസ് മുൻകൂട്ടി എഴുതി തയാറാക്കിക്കൊണ്ടുവന്ന് ചർച്ചയ്ക്ക് ഇടകൊടുക്കാതെ വായിച്ചു പാസാക്കിയതായി ഭാവിച്ചിട്ടും,[32] തിരുത്തലുകളോടു കൂടിയാണെങ്കിലും കൽദായ നമസ്കാരക്രമം തന്റെ ഇഷ്ടത്തിനു വിപരീതമായി അദ്ദേഹത്തിനു അനുവദിച്ചു കൊടുക്കേണ്ടി വന്നു.[33] വിശ്വാസ - ആചാര കാര്യങ്ങൾ ഒഴിവാക്കിയാൽ

താഴെപ്പറയുന്ന പ്രധാന മാറ്റങ്ങളാണ് മെനസിസ് മലങ്കരയുടെ മേൽ അടിച്ചേൽപ്പിച്ചത്.

1. പൗരസ്ത്യ കൽദായ സഭയുടെ *പ്ശീത്താ* വേദപുസ്തകത്തിൽ ഇല്ലാതിരുന്ന രണ്ടു പത്രോസ്, രണ്ടു മൂന്നും യോഹന്നാൻ, യൂദ എന്നീ ലേഖനങ്ങളും വെളിപാടും[34] ചേർക്കുകയും മറ്റു ചില പുസ്തകങ്ങളിൽ ഇല്ലാതിരുന്ന വാക്യങ്ങൾ ചേർക്കുകയും ചെയ്തു.

2. രണ്ടു നേരത്തെ നമസ്ക്കാരത്തിലും കുർബാനയിലും ബാഗ്ദാദിലെ പാത്രിയർക്കീസിനെ *കഥോലിക്ക* (സാർവത്രിക സഭാതലവൻ) എന്നു അനുസ്മരിക്കുന്നതു നിരോധിച്ചു.[35] പകരം തൽസ്ഥാനത്ത് റോമാ പാപ്പായുടെ പേരു ചേർത്തു.

3. തേവോദോറസ്, തിയദോർ, അബ്രഹാം, മാർ ആവാ കാതോലിക്കാ എന്നീ നെസ്തോറിയൻ പിതാക്കന്മാരെ പ്രാർത്ഥനകളിൽ അനുസ്മരിക്കുന്നതു നീക്കി പകരം മാർ ഗ്രിഗോറിയോസ്, മാർ അത്താനാസ്യോസ്, മാർ ബസേലിയോസ്, മാർ ഈവാനിയോസ്, അഗസ്തീനോസ്, ഇറാമോനീസ് എന്നിവരുടെ പേരു ചേർത്തു.

4. നെസ്തോറിയൻ രീതിയിലുള്ള വിശ്വാസപ്രമാണത്തിൽ റോമൻ ഭേദഗതികൾ വരുത്തി.

5. മലങ്കരയിൽ പ്രചാരത്തിലിരുന്ന പന്ത്രണ്ടു നെസ്തോറിയൻ പുസ്തകങ്ങളായ[36] *മശിഹായുടെ തിരുബാല്യം* (കന്നിമാതാവിന്റെ ചരിത്രം), *യോഹന്നാൻ ബെരിയൻദോന്റെ പുസ്തകം, പവിഴത്തിന്റെ പുസ്തകം* (മാർ അബ്ദീശോയുടെ *മാർഗ്യാനീത്ത*), *മക്കാമത്ത്* (പറുദീസ), *സുന്നഹദോസുകളുടെ പുസ്തകം, സ്വർഗത്തിൽ നിന്നുവന്ന എഴുത്ത്, കമിസിന്റെ പാട്ടുകൾ, നർസയുടെ പുസ്തകം, പുണ്യവാന്മാരുടെ ചരിത്രം, പാർസിമാൻ, ശകുന പുസ്തകം* എന്നിവ നിരോധിച്ചു.

6. പൗരസ്ത്യ കൽദായ സഭയുടെ കൂദാശകളായ പൗരോഹിത്യം, മാമോദീസാ, അഭിഷേക തൈലം (കർണ്ണ), വി. കുർബാന, പാപമോചനം, പുളിപ്പ് (മല്ക), സ്ലീബാ അടയാളം[37] എന്നിവയ്ക്കു പകരം, റോമാ സഭയുടെ കൂദാശകളായ മാമോദീസ, ഒപ്രൂശ്മ (സ്ഥിരീകരണം), കുർബാന, കുമ്പസാരം, ഒടുക്കത്തെ ഒപ്രൂശ്മ (തൈലാഭിഷേകം), പട്ടത്വം, വിവാഹം എന്നിവ നടപ്പിലാക്കി.

7. നെസ്തോറിയൻ സഭയിൽ വി. മൂറോൻ തൈലം കൂദാശ ചെയ്യുന്ന കർമ്മം ഇല്ല. പകരം ഓരോ മാമോദീസായ്ക്കും പട്ടക്കാരൻ അഭിഷേക തൈലം എണ്ണചേർത്ത് പ്രത്യേക പ്രാർത്ഥനയോടെ വർദ്ധിപ്പിക്കുന്ന ക്രമമാണ്[38] നിലവിലുള്ളത്. ഇതിനുപകരം റോമൻ രീതിയിൽ മേൽപട്ടക്കാ

രൻ കൂദാശ ചെയ്ത മൂറോൻ ഏർപ്പെടുത്തി.

8. മാമോദീസായോടൊപ്പം മൂറോനഭിഷേകം നടത്തുന്ന പൗരസ്ത്യ പാരമ്പര്യത്തിനു പകരം[39] അഞ്ചു വയസ്സിനുശേഷം നടത്തുന്ന *ആദ്യത്തെ ഒപ്രൂശ്മ* എന്ന കൂദാശയിൽ മൂറോനഭിഷേകം നടത്തുന്ന റോമൻ രീതി നടപ്പാക്കി.

9. സാധാരണ ദിവസങ്ങളിൽ ഉപയോഗിക്കുന്ന മാർ ആദായി, മാർ മാറി എന്നിവരുടെ തക്സായ്ക്കു പകരം പ്രത്യേക ദിവസങ്ങളിൽ പൗരസ്ത്യ കൽദായസഭ ഉപയോഗിച്ചിരുന്ന നെസ്തോറിയോസിന്റെയും, തിയദോറിന്റെയും കുർബ്ബാന തക്സാകൾ നിരോധിച്ചു.

10. മാർ ആദായി, മാർ മാറി എന്നിവരുടെ തക്സായിൽ ഇല്ലാതിരുന്നതും[40] റോമൻ വിശ്വാസമനുസരിച്ച് അത്യന്താപേക്ഷിതവുമായ ഏതാനും വാചകങ്ങൾ ചേർക്കുകയും, അതിൽ നിന്നും ചില വാചകങ്ങൾ നീക്കുകയും ചെയ്തു.

11. പ. കന്യക മറിയാം, ശ്ലീഹന്മാർ, പുണ്യവാന്മാർ എന്നിവർക്കു വേണ്ടി പ്രാർത്ഥിക്കുന്ന[41] പൗരസ്ത്യ വിശ്വാസ സംഹിത നിരോധിച്ചു.

12. മ്ശംശോനേന്മാർ (പൂർണ്ണ ശെമ്മാശന്മാർ) കുർബാന കൊടുക്കുന്നതും[42] ഊറാറാ ഇടുന്നതും നിരോധിച്ചു.

13. സഭാ പഞ്ചാംഗം റോമൻ രീതിയിലാക്കി.

14. അമ്പതു നോയമ്പ് തിങ്കളാഴ്ച തുടങ്ങുന്ന പൗരസ്ത്യ പാരമ്പര്യം തുടരാൻ അനുവദിച്ചു എങ്കിലും റോമൻ രീതിയിൽ വിഭൂതി ബുധനാഴ്ച *കുരിശുവര പെരുന്നാൾ* കൂടി ആചരിക്കണമെന്നു നിഷ്കർഷിച്ചു. മറ്റു നോയമ്പുകൾ റോമൻ രീതിയിലാക്കി. ബുധനും വെള്ളിയും നോയമ്പിനു പകരം വെള്ളിയും ശനിയും നോയമ്പാക്കി. ബുധനാഴ്ച നോയമ്പായി ആചരിക്കാൻ അനുവദിച്ചു എങ്കിലും അതിന്റെ പ്രാധാന്യം ഇല്ലാതാക്കി.

15. ഹന്നാൻ വെള്ളം നിർബന്ധിതമാക്കി.

16. ദിവസം *സന്ധ്യ മുതൽ സന്ധ്യ വരെ* എന്ന പൗരസ്ത്യ രീതിക്കു പകരം *പാതിരാ മുതൽ പാതിരാ* വരെ എന്ന റോമൻ രീതി നടപ്പാക്കി.

17. *കൃപ നിറഞ്ഞ മറിയമേ.....* എന്ന പ്രാർത്ഥനയിൽ അവസാനത്തെ രണ്ടു വാചകങ്ങൾ കൂട്ടിച്ചേർത്തു.

18. *യേശു* എന്ന നാമത്തിനു ബഹുമാനം നിർബന്ധിതമാക്കി.

19. നെസ്തോറിയൻ പിതാക്കന്മാരുടെ പേരിലുള്ള പള്ളികൾ മറ്റു പേരുകളിലേയ്ക്ക് മാറ്റി. പ്രത്യേകിച്ചും മാർ സാബോർ, മാർ ആപ്രോത്ത്

എന്നിവരുടെ പേരുകളിലുള്ളവയെ സകല പരിശുദ്ധന്മാരുടെയും പേരിലാക്കുകയും ആ പള്ളികളിലെ പെരുന്നാൾ മേടം 29-നു പകരം വൃശ്ചികം ഒന്നിന് എന്ന് നിശ്ചയിക്കുകയും ചെയ്തു.

20. പൗരസ്ത്യ പാരമ്പര്യത്തിനു വിരുദ്ധമായി പള്ളികളിൽ രൂപങ്ങൾ[43] നിർബന്ധിതമാക്കി.

21. പള്ളികൾ കുർബാന ചൊല്ലാനാകാത്തവിധം അശുദ്ധമാകാനുള്ള കൽദായ സഭയുടെ കാരണങ്ങൾക്കു പകരം[44] റോമാ സഭയുടെ കാരണങ്ങളും, അവ ശുദ്ധീകരിക്കാൻ റോമൻ ക്രമങ്ങളും ഏർപ്പെടുത്തി.

22. പട്ടക്കാരുടെ വിവാഹം വിലക്കി.

23. കൽദായ പാരമ്പര്യത്തിലില്ലാത്ത പട്ടക്കാരന്റെ മുമ്പിലുള്ള വ്യക്തി കുമ്പസാരം[45] നിർബന്ധിതമാക്കി.

24. കൂദാശ ചെയ്യപ്പെട്ടശേഷം വി. കുർബാനയിൽ അപ്പ-വീഞ്ഞുകളെ തമ്മിൽ സംയോജിപ്പിക്കുന്ന പൗരസ്ത്യ പാരമ്പര്യം നിർത്തലാക്കി.

മലങ്കരസഭയുടെ ആരാധനാകാര്യങ്ങളിൽ ഉദയംപേരൂർ സുന്നഹദോസ് വരുത്തിയ പ്രധാന മാറ്റങ്ങൾ ഇവയാണ്. കൂടാതെ സുറിയാനിയിൽ ഭാഷാന്തരം ചെയ്ത ലത്തീൻ കുർബാന തക്സായുടെയും മറ്റു റോമൻ ക്രമങ്ങളുടെയും പ്രചരണവും നിശ്ചയങ്ങളിൽ ഉൾപ്പെടുന്നു.

ലത്തീൻ ഭരണം: സുന്നഹദോസിനെ തുടർന്ന് ആർച്ച് ബിഷപ്പ് മെനസീസ് പള്ളികൾതോറും സഞ്ചരിച്ച് കയ്യിൽകിട്ടിയ ഗ്രന്ഥങ്ങളെല്ലാം അഗ്നിക്കിരയാക്കി. കൽദായ പാരമ്പര്യത്തെ ഉന്മൂലനം ചെയ്യാനുള്ള ആസൂത്രിത പദ്ധതിയുടെ ഭാഗമായിരുന്നു അത്. മെനസിസിനെ തുടർന്നു വന്ന ഫ്രാൻസിസ് റോസ് മെത്രാന്റെ ഭരണകാലത്തും ഇതേ പരിപാടി തുടർന്നു. ഇദ്ദേഹം റോമൻ തക്സാ, നിത്യപ്രാർത്ഥനാ സംഗ്രഹം മുതലായവ സുറിയാനിയിലേക്ക് പരിഭാഷപ്പെടുത്തി അച്ചടിപ്പിച്ചു.[46] ഇതോടെ മലങ്കരയിലെ ലത്തീൻ ക്രമങ്ങളുടെ സ്വാധീനം വർദ്ധിച്ചു. പ്രചണ്ഡമായ റോമൻ പ്രചരണതന്ത്രവും പട്ടക്കാരുടെ മേലുള്ള നിയന്ത്രണവും, തങ്ങളുടെ സെമിനാരിയിൽ പഠിച്ചിറങ്ങിയവർക്കു മാത്രം പട്ടം കൊടുക്കുന്ന രീതിയും, യഥാർത്ഥ വിശ്വാസത്തെപ്പറ്റിയുള്ള ഗ്രന്ഥങ്ങളുടെ അഭാവവും അടുത്ത അര ശതാബ്ദക്കാലംകൊണ്ട് ലത്തീൻ ക്രമങ്ങൾക്ക് ശക്തമായ ഒരടിത്തറയുണ്ടാക്കി.

ഭീഷണി കൊണ്ട് അടിച്ചേൽപ്പിച്ച റോമാനുകം 1653-ൽ നടന്ന കൂനൻ കുരിശു സത്യത്തിലൂടെ മലങ്കരസഭ വലിച്ചെറിഞ്ഞു. തൽക്കാലത്തേയ്ക്ക് പകലോമറ്റം തോമ്മാ അർക്കദിയാക്കോനെ പന്ത്രണ്ടു പട്ട

ക്കാർ കൂടി മെത്രാനായി വാഴിച്ചു. അദ്ദേഹത്തിന്റെ സ്ഥാനം ക്രമപ്പെടുത്താൻ ഒരു മേൽപ്പട്ടക്കാരനെ അയച്ചുതരുവാൻ പൗരസ്ത്യ സിംഹാസനങ്ങളായ ബാബിലോൺ (പേർഷ്യ), അലക്സന്ത്രിയ, അന്ത്യോഖ്യാ എന്നിവയോട് അഭ്യർത്ഥിക്കുകയും ചെയ്തു.[47] എന്നാൽ പടിഞ്ഞാറൻ കടലിലെ പോർട്ടുഗീസ് ഉപരോധം മൂലം ഈ അപേക്ഷകൾക്ക് ഉടനടി മറുപടി ഉണ്ടായില്ല.

കൂനൻകുരിശിനു ശേഷം: കൂനൻകുരിശു സത്യത്തെ തുടർന്ന് മലങ്കരസഭയുടെ ആരാധനാ രീതിയിൽ ഉടനെ മാറ്റമൊന്നുമുണ്ടായില്ല. വൈദികരുടെ വിവാഹ തടസ്സം നീക്കിയെന്നു മാത്രമാണ് കർദിനാൾ ടിസറന്റു പറയുന്നത്.[48] സ്വയം മെത്രാനെ വാഴിക്കയും, റോമൻ മെത്രാൻ ഗാഴ്സ്യായെ അനുസരിക്കാതിരിക്കയും ചെയ്തതല്ലാതെ മറ്റൊരു *കുറ്റവും* ഇവർക്കില്ലെന്ന് മറ്റു ചില റോമൻ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.[49] അവിടവിടെ രഹസ്യമായി സൂക്ഷിച്ചിരുന്ന പഴയ ഗ്രന്ഥങ്ങൾ ഉപയോഗിച്ച് റോമാക്കാർ തിരുത്തിയ കൽദായ ക്രമങ്ങൾ പഴയ രീതിയിലാക്കുവാൻ മാർത്തോമ്മാ ഒന്നാമൻ ഭഗീരഥ പ്രയത്നം ചെയ്തതായും ചില ചിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.[50]

പല കാരണങ്ങൾകൊണ്ട് മാർത്തോമ്മാ ഒന്നാമന്റെ ഈ ശ്രമം വിജയിക്കുക ക്ഷിപ്രസാദ്ധ്യമായിരുന്നില്ല. 54 വർഷത്തെ റോമൻ ആധിപത്യവും പഠിപ്പിക്കലുകളും നെസ്തോറിയൻ വിശ്വാസത്തെ പാഷാണ്ഡതയായി കണക്കാക്കുന്ന രീതിയിലേക്ക് മലങ്കരസഭയെ നയിച്ചു. വൈപ്പിക്കോട്ടയിലേയും കൊടുങ്ങല്ലൂരിലേയും സെമിനാരികളിൽ പഠിച്ചിറങ്ങിയ വൈദികരിലെ ലത്തീൻ സ്വാധീനവും, ജസ്യൂട്ട് മിഷനറിമാരുടെ ഇടവകതോറുമുള്ള പ്രവർത്തനവും പൂർണ്ണമായ ഒരു മടങ്ങിപ്പോക്ക് അസാദ്ധ്യമാക്കി.

തങ്ങളുടെ അപേക്ഷ അനുസരിച്ച് പൗരസ്ത്യ മെത്രാനെ ലഭിക്കുവാനായി കാത്തിരുന്ന ഒരു വ്യാഴവട്ടക്കാലം മലങ്കരയുടെ ലത്തിനീകരിക്കപ്പെട്ട ആരാധനാരീതിയിൽ ഒരു മാറ്റവും ഉണ്ടായില്ല. 1665-ൽ യെരുശലേമിലെ സുറിയാനി പാത്രിയർക്കീസ് മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദ് മലങ്കരയിലെത്തുമ്പോൾ റോമൻ ആചാരപ്രകാരം പുളിപ്പില്ലാത്ത അപ്പം (പത്തീറ) ആണ് കുർബാനയ്ക്ക് ഉപയോഗിച്ചുകൊണ്ടിരുന്നത്.[51]

പാശ്ചാത്യ സുറിയാനി ബന്ധം ആരംഭിക്കുന്നു: 1665-ൽ വന്ന മാർ ഗ്രിഗോറിയോസാണ് മലങ്കരയിൽ കാലുകുത്തിയ ആദ്യത്തെ പാശ്ചാത്യ സുറിയാനി മേൽപ്പട്ടക്കാരൻ. ഇത് മലങ്കരസഭയ്ക്ക് നൂതനമായ ഒരു ബന്ധത്തിന്റെ ആരംഭം കുറിച്ചു. മാർത്തോമ്മാ ഒന്നാമന്റെ മേൽപ്പട്ടസ്ഥാനം ക്രമപ്പെടുത്തിയ ഇദ്ദേഹത്തിന്റെ ശ്രമം മലങ്കരസഭയിൽ

പാശ്ചാത്യ സുറിയാനി വിശ്വാസാചാരങ്ങൾ നടപ്പിലാക്കുക എന്നതായിരുന്നു.[52] പേർഷ്യൻ സഭയുടെ ആചാരങ്ങളുമായി പാശ്ചാത്യ സുറിയാനി ക്രമത്തിനുള്ള സാദൃശ്യവും പൊതുവായ സുറിയാനി പാരമ്പര്യവും ഒരു പരിധി വരെ ഇദ്ദേഹത്തെ സഹായിച്ചു എങ്കിലും ഉദ്ദേശിച്ച മാറ്റങ്ങൾ നടപ്പിൽ വരുത്തുക ക്ഷിപ്രസാദ്ധ്യമായിരുന്നില്ല. പാശ്ചാത്യ സുറിയാനിക്രമം അനുസരിച്ച് കുർബാന അർപ്പിച്ച അദ്ദേഹത്തെ ജനങ്ങൾ എതിർത്തു എന്നും പഴയ ക്രമം (പൗരസ്ത്യ കൽദായ) പിന്തുടരാൻ ആവശ്യപ്പെട്ടു എന്നും, ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.[53]

മാർ ഗ്രിഗോറിയോസിന്റെ ആഗമനത്തോടെ മലങ്കരയിൽ പെട്ടെന്നു നടപ്പായ ആചാരങ്ങളായി പറയപ്പെടുന്നത് പുളിപ്പുള്ള അപ്പം കുർബാനയ്ക്ക് ഉപയോഗിക്കുക, കയ്യില്ലാത്ത ലത്തീൻ കുപ്പായത്തിനു പകരം കാപ്പ ധരിച്ചുകൊണ്ട് കുർബാന ചൊല്ലുക, വലിയ നോയമ്പു തുടങ്ങുന്ന ദിവസം പഴയ രീതിയിലാക്കുക എന്നിവ മാത്രമാണ്.[54] ഇവയോടൊപ്പം പേർഷ്യൻ സഭയുമായി സാമ്യമുള്ള പാശ്ചാത്യ സുറിയാനി പഞ്ചാംഗവും ഏർപ്പെടുത്തിയതായി ചില ചരിത്രകാരന്മാർ പറയുന്നുണ്ട്.[55] റോമാക്കാർ നിരോധിച്ചതും പൗരസ്ത്യ സഭകൾ അനുവദിച്ചിട്ടുള്ളതുമായ പട്ടക്കാരുടെ വിവാഹം ഇദ്ദേഹം വീണ്ടും ഏർപ്പെടുത്തിയതായും പള്ളികളിൽ റോമാക്കാർ ഏർപ്പെടുത്തിയ വിഗ്രഹങ്ങളെ നീക്കാൻ ശ്രമിച്ചതായും ചരിത്രമുണ്ട്.[56] ഈ ശ്രമങ്ങളൊന്നും പൂർണ്ണമായും വിജയിച്ചില്ല.

പിൽക്കാല ചരിത്രകാരന്മാരിൽ ഭൂരിപക്ഷവും മാർ ഗ്രിഗോറിയോസിന്റെ ആഗമനത്തോടെ മലങ്കരയിൽ പാശ്ചാത്യ സുറിയാനി ക്രമങ്ങൾ പെട്ടെന്നു നടപ്പായി എന്നനുമാനിച്ചു. അതിനാൽ അവർ മലങ്കരയുടെ ആരാധനാ പാരമ്പര്യത്തിന്റെ കൂനൻകുരിശു മുതലുള്ള ചരിത്രത്തെ അവഗണിച്ചു. എന്നാൽ പിന്നീടു രണ്ടു നൂറ്റാണ്ടു കാലത്തേക്ക് തുടർന്നതും മലങ്കര സഭയുടെ പിൽക്കാല ചരിത്രത്തെ ഗൗരവമായി സ്വാധീനിച്ചതുമാണ് ആരാധനാക്രമങ്ങളുടെ പാശ്ചാത്യ സുറിയാനിവൽക്കരണം.

മാർ ഗ്രിഗോറിയോസിന്റെ ആഗമനം മലങ്കരസഭയുടെ പിൽക്കാല പാശ്ചാത്യ സുറിയാനി ബന്ധത്തിനു ഹേതുവായി എന്നതിലുപരി, വിശ്വാസപരമോ ആചാരപരമോ ആയി കാര്യമായ ഒരു ചലനവും ഉണ്ടാക്കിയില്ല. അദ്ദേഹം തുടങ്ങിവച്ച മലങ്കരയുടെ പാശ്ചാത്യ സുറിയാനിവൽക്കരണ നടപടികൾ പിന്നീടുവന്ന പാശ്ചാത്യ സുറിയാനി മെത്രാന്മാരും തുടർന്നു. വി. കുർബാനയ്ക്ക് പുളിപ്പുള്ള അപ്പം (അമ്മീറാ) ഉപയോഗിക്കുന്ന പഴയ രീതി പുനഃസ്ഥാപിക്കുവാൻ കഴിഞ്ഞു എന്നതു മാത്രമാണ് മാർ ഗ്രിഗോറിയോസിനു സാധിച്ചു എന്നു ഉറപ്പിച്ചു പറയാവുന്ന ഏക കാര്യം. പക്ഷേ ഇതുപോലും പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞോ എന്നു സംശയമാണ്.

പാശ്ചാത്യ സുറിയാനി വിശ്വാസം അംഗീകരിക്കുന്നു: മലങ്കരയുടെ പാശ്ചാത്യ സുറിയാനിവൽക്കരണം യഥാർത്ഥത്തിൽ ആരംഭിക്കുന്നത് 1685 സെപ്റ്റംബർ 17-നു പ. ബസേലിയോസ് യൽദോ മഫ്രിയാനയോടൊപ്പം വന്ന മാർ ഈവാനിയോസ് ഹദിയള്ളയുടെ പരിശ്രമഫലമായാണ്. നാലാം മാർത്തോമ്മാ മെത്രാന്റെ വാഴ്ചക്കുശേഷം (1688/9) ഇവർ തമ്മിലുണ്ടാക്കിയ ധാരണ അനുസരിച്ച് *അത്മകടം* ഉള്ള അഞ്ചു സംഗതികളായ *പള്ളി* (സഭ), *സ്വർഗ്ഗം* (റോമൻ സഭയുടെ ബെസ്പുർക്കാന വിശ്വാസത്തിന്റെ നിഷേധം), *കുർബാന* (പുളിപ്പുള്ള അപ്പത്തിന്റെ ഉപയോഗം), *നോയമ്പ്* (ബുധൻ, വെള്ളി), *വി. റൂഹാ* (പരിശുദ്ധാത്മാവിന്റെ പുറപ്പാട്) എന്നിവ പാശ്ചാത്യ സുറിയാനി ക്രമപ്രകാരവും ബാക്കി ക്രമങ്ങളും നടപ്പുകളും മലങ്കരയിൽ നടന്നു വരുന്നതുപോലെ തുടരുവാനും തീരുമാനിച്ചു.[57]

ഇതു വലിയ ഒരു കാൽവെയ്പ്പായിരുന്നു എന്ന് നിസംശയം പറയാം. കാരണം, വിശ്വാസപരമായി മലങ്കരസഭ അന്നു വല്ലാത്ത ഒരവസ്ഥയിലായിരുന്നു. പണ്ടുമുതൽ മലങ്കര പാലിച്ചുവന്നിരുന്ന കൽദായ വിശ്വാസാചാരങ്ങൾ പാഷാണ്ഡതയാണെന്ന ഫലപ്രദമായ റോമൻ പ്രചരണതന്ത്രം അവരെ അതിൽ നിന്നും അകറ്റി. പകരം പോർത്തുഗീസുകാർ വെച്ച റോമാവൽക്കരിക്കപ്പെട്ട കൽദായ ക്രമവും ലത്തീൻ ക്രമവും മലങ്കരസഭ നിരാകരിച്ചു. പിന്നീടു വന്ന പാശ്ചാത്യ സുറിയാനി ക്രമം ഇവയെ രണ്ടിനേയും നിരാകരിച്ചു എങ്കിലും പല കാര്യങ്ങളിലും കല്ദായ വിശ്വാസാചാരങ്ങളോട് സാദൃശ്യം പുലർത്തി. ഇപ്രകാരം പരസ്പരം മൽസരിക്കുന്ന മൂന്ന് ക്രമങ്ങൾക്കിടയിൽ കുഴങ്ങിയിരുന്ന മലങ്കരസഭയെക്കൊണ്ട് അഞ്ച് അടിസ്ഥാന പാശ്ചാത്യ സുറിയാനി പ്രമാണങ്ങളിലെങ്കിലും അംഗീകരിപ്പിക്കുവാൻ കഴിഞ്ഞത് ഒരു സുപ്രധാന സംഗതിയാണ്. ഈ സൈദ്ധാന്തിക അടിസ്ഥാനത്തിലാണ് പിൽക്കാലത്ത് പാശ്ചാത്യ സുറിയാനി ക്രമങ്ങളുടെ പ്രചാരം കെട്ടിപ്പടുത്തത്.

ഒരു ജനതയുടെ നൂറ്റാണ്ടുകളിലെ പാരമ്പര്യം ഒറ്റയടിക്കു പിഴുതു മാറ്റുക അസാദ്ധ്യമാണെന്ന യാഥാർത്ഥ്യ ബോധത്തോടെയാണ് അസാധാരണ പണ്ഡിതനായിരുന്ന മാർ ഈവാനിയോസ് ഹദിയള്ളാ ഇപ്രകാരം മൃദുവായ ഒരു സമീപനം സ്വീകരിച്ചത്. പക്ഷേ ഇതു പോലും അംഗീകരിക്കാത്ത ഒരു വിഭാഗം മലങ്കരയിലുണ്ടായിരുന്നു. അതിനാലാണ് ഉദയംപേരൂർ സുന്നഹദോസിനുശേഷം മലങ്കരയിലെത്തിയ പ്രഥമ നെസ്തോറിയൻ മെത്രാൻ മാർ ഗബ്രിയേലിന് മലങ്കരയിൽ നിന്ന് അനുയായികളെ ലഭിച്ചത്.

മാർ ഈവാനിയോസ് നടപ്പാക്കിയ പരിഷ്ക്കാരങ്ങളായി റോമൻ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളവയിൽ ആചാരപരമായ ചിലതും

കാണുന്നുണ്ട്. അവയിൽ വലിയ നോമ്പിലെ ഞായറാഴ്ചകളിൽ മാത്രം വി. കുർബാന അർപ്പിക്കുക, മുട്ടുകുത്താതെ (നിന്നുകൊണ്ട്) പ്രാർത്ഥിക്കുക, വൈദികരുടെ വിവാഹം അനുവദിക്കുക മുതലായവയും ഉൾപ്പെടുന്നു.[58] ഇദ്ദേഹം പള്ളികളിൽ നിന്നും ക്രൂശിതരൂപങ്ങളും പ്രതിമകളും നീക്കം ചെയ്തതായും പറയുന്നുണ്ട്.

മാർ ഗബ്രിയേലിന്റെ ആഗമനം: 1708-ൽ കൂനൻകുരിശിനു ശേഷം ആദ്യമായി ഒരു നെസ്തോറിയൻ മെത്രാൻ മലങ്കരയിലെത്തി, 1713-ൽ കാലം ചെയ്യുന്നതുവരെയും നെസ്തോറിയൻ വിശ്വാസത്തിന്റെ പുനഃസ്ഥാപനത്തിനായി അക്ഷീണം യത്നിച്ച മാർ ഗബ്രിയേലിന്റെ പ്രവർത്തനം ഒരു പരിധി വരെയെങ്കിലും മലങ്കര നസ്രാണികളെ സ്വാധീനിച്ചു.[59]

മാർ ഗബ്രിയേലും അനുഗാമികളുമായി ഏറ്റുമുട്ടേണ്ടി വന്നപ്പോഴാണ് അന്നു ഭരിച്ചിരുന്ന മാർത്തോമ്മാ നാലാമന് തന്റെ ദൗർബല്യം മനസിലായത്. മലങ്കരസഭ അംഗീകരിച്ച പാശ്ചാത്യ സുറിയാനി വേദശാസ്ത്രത്തിലുള്ള നിപുണതയുടെ അഭാവം അദ്ദേഹത്തെ ഈ യുദ്ധത്തിൽ ബുദ്ധിമുട്ടിച്ചു. അതിനാലാണ് പണ്ഡിതന്മാരുടെ സേവനം ആവശ്യപ്പെട്ടുകൊണ്ട് മാർത്തോമ്മാ നാലാമൻ പാത്രിയർക്കീസിനെഴുതിയത്.[60]

ഈ അഭ്യർത്ഥനയുടെ മറപിടിച്ച് 1739-ൽ വന്ന പാശ്ചാത്യ സുറിയാനി മെത്രാപ്പോലീത്താ മാർ ഈവാനിയോസ് (വിഗ്രഹഭംഞ്ജകനായ ഈവാനിയോസ്) കോപിഷ്ടനും തീരെ നയമില്ലാത്തവനുമായിരുന്നു.[61] ഇദ്ദേഹത്തിന്റെ നോട്ടത്തിൽ മലങ്കരയിൽ എല്ലാം തിരുത്തേണ്ടവയായിരുന്നു. റോമൻ ഭരണത്തിന്റെ അവശിഷ്ടമായി ശേഷിച്ച വിഗ്രഹങ്ങൾ തകർക്കുക, പൂർവ്വീക പാരമ്പര്യമനുസരിച്ച് പട്ടമായി കുടുമി വളർത്തുന്ന പട്ടക്കാരുടെ തല ചിരപ്പിച്ച് പാശ്ചാത്യ സുറിയാനി പാരമ്പര്യപ്രകാരമുള്ള തൊപ്പി ധരിപ്പിക്കുക, മലങ്കരയിൽ നടപ്പില്ലാത്ത മറ്റു ചില പാരമ്പര്യങ്ങൾ നടപ്പാക്കുക[62] മുതലായ പ്രവർത്തികളിലൂടെ ഇദ്ദേഹം ജനങ്ങളുടെ അപ്രീതി സമ്പാദിച്ചു. എങ്കിലും റോമൻ പാരമ്പര്യം മലങ്കരയിൽ നടപ്പിൽ വരുത്തിയ രൂപങ്ങളെ പുറത്താക്കുന്നതിൽ ഇദ്ദേഹത്തിന്റെ തിരക്കിട്ട പ്രവർത്തികൾ ഒരു പരിധി വരെ സഹായിച്ചു എന്നു പറയാം.

തുടരുന്ന കൽദായ പാരമ്പര്യം: ഇക്കാലത്തും മലങ്കരയിൽ കൽദായ ക്രമങ്ങളാണ് നിലവിരുന്നത്. *മാർത്തോമ്മാ നാലാമൻ, മാർ ഈവാനിയോസ് ഹദിയള്ളാ ഉടമ്പടി* അനുസരിച്ച് വിശ്വാസത്തിൽ പാശ്ചാത്യ സുറിയാനിയും ആചാരത്തിൽ പൗരസ്ത്യ സുറിയാനിയുമായ രീതിയാണ് പിന്നീട് ഒന്നര നൂറ്റാണ്ടു കാലം ഏറിയും കുറഞ്ഞും മലങ്കരയിൽ നിലനിന്നത്. എന്നാൽ കൽദായ ക്രമങ്ങളിൽ പാശ്ചാത്യ സുറിയാനി വിശ്വാസത്തിനനുസരിച്ചുള്ള തിരുത്തലുകൾ വരുത്താൻ ഇക്കാ

ലത്തു ശ്രമിച്ചിരുന്നു. ഇപ്രകാരം തിരുത്തിയതും 1734-ൽ മുളന്തുരുത്തി സ്വദേശിയായ ഏബ്രഹാം ശെമ്മാശൻ പകർത്തിയെഴുതിയതുമായ കൽദായ കാനോനിക നമസ്കാരം ഇതിനു തെളിവാണ്.[63]

മാർത്തോമ്മാ നാലാമൻ, പണ്ഡിതന്മാരെ അയച്ചുതരുവാൻ ആവശ്യപ്പെട്ടതിന്റെ മറവിൽ അന്ത്യോഖ്യാ പാത്രിയർക്കീസ്, മാർ ബസേലിയോസ് ശക്രള്ളാ മഫ്രിയാനയെ മെത്രാപ്പോലീത്താ മുതൽ ശെമ്മാശൻ വരെയുള്ള സ്ഥാനികളോടൊപ്പം മലങ്കരയിലേക്കയച്ചു.[64] മലങ്കരയിൽ തങ്ങളെ അനുസരിക്കുന്ന ഒരു മേൽപ്പട്ടസ്ഥാനം സൃഷ്ടിച്ച് തങ്ങളുടെ അധീശത്വം ഉറപ്പിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. 1751-ൽ ഇവിടെ എത്തിയപ്പോൾ മുതൽ ഈ ലക്ഷ്യത്തോടെ അവർ പ്രവർത്തിച്ചെങ്കിലും മാർത്തോമ്മാ അഞ്ചാമന്റെയും ജനങ്ങളുടെയും എതിർപ്പു മൂലം ആഗ്രഹപ്രാപ്തി കൈവരിച്ചില്ല.

ചരിത്രം പരിശോധിച്ചാൽ പകലോമറ്റം മെത്രാന്മാർ എല്ലാക്കാലത്തും കൽദായ പക്ഷപാതികളായിരുന്നു എന്നു കാണാം. തെക്കൻ പള്ളികളിൽ ഭൂരിഭാഗവും ഈ അഭിപ്രായഗതി വച്ചുപുലർത്തി. വടക്കൻ, പ്രത്യേകിച്ചും കൊച്ചി രാജ്യത്തെ, ഇടവകളിലാകട്ടെ, നാടുകടത്തപ്പെട്ട വിഗ്രഹഭംഞ്ജകനായ ഈവാനിയോസിന്റെയും തുടർന്ന് മാർ ശക്രള്ളാ പ്രഭൃതികളുടെയും പ്രവർത്തനഫലമായി ഒരു പാശ്ചാത്യ സുറിയാനി അനുകൂലകക്ഷി രൂപമെടുത്തു. ഇതിനു പിന്നിൽ രാഷ്ട്രീയ കാരണങ്ങളും ഉണ്ടായിരുന്നതായി പിൽക്കാല ചരിത്രം സൂചന നൽകുന്നു. രണ്ടു കക്ഷികളും തമ്മിൽ തർക്കത്തിലായി. പൂർണ്ണമായും പാശ്ചാത്യ സുറിയാനിവൽക്കരിക്കണമെന്ന വിദേശികളുടെ ആവശ്യം മാർത്തോമ്മാ അഞ്ചാമൻ തള്ളി. *മാർത്തോമ്മാ നാലാമൻ - മാർ ഈവാനിയോസ് ഉടമ്പടി* തുടരണമെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം.[65]

തുടർന്ന് ഇരുവിഭാഗവും തമ്മിൽ ചർച്ച ആരംഭിച്ചു. ദീർഘകാലം പലദിക്കിലും വച്ച് ചർച്ച നടത്തിയെങ്കിലും പാശ്ചാത്യ സുറിയാനി അധികാരത്തിനു വഴങ്ങാൻ മാർത്തോമ്മാ അഞ്ചാമൻ തയ്യാറായില്ല. മാവേലിക്കര പുതിയകാവിലും കായംകുളത്തും നടന്ന ചർച്ചകൾ സന്ധിയുടെ വക്കുവരെയെത്തിയെങ്കിലും അവ അലസിപ്പിരിഞ്ഞു.[66]

1754-ലെ സന്ധി: 1754 ധനു 18-നു ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി മുൻകൈ എടുത്ത് നടത്തിയ ചർച്ചകളുടെ ഫലമായി മാർത്തോമ്മാ അഞ്ചാമനും, മാർ ബസേലിയോസ് ശക്രള്ളാ മഫ്രിയാനയും തമ്മിൽ 23 പള്ളിക്കാരുടെ സാന്നിദ്ധ്യത്തിൽ ഒരു സന്ധിയുണ്ടാക്കി. ഇതനുസരിച്ച് മലങ്കരസഭയുടെ ഭരണകാര്യങ്ങളിൽ മാർത്തോമ്മാ മെത്രാന്റെ അധികാരം വിദേശികൾ അംഗീകരിച്ചു. കൂടാതെ വിശ്വാസവും ആചാരവും മാർ

ത്തോമ്മാ നാലാമൻ പിന്തുടർന്നുപോന്നതു പോലെ തന്നെ തുടരണം എന്നും തീരുമാനിച്ചു. ഫലത്തിൽ *മാർത്തോമ്മാ നാലാമൻ - മാർ ഈവാനിയോസ് ഉടമ്പടി* ശരിവച്ച ഈ സന്ധി മൂലം മാർത്തോമ്മാ അഞ്ചാമൻ തന്റെ വാദം വിദേശികളെക്കൊണ്ട് അംഗീകരിപ്പിച്ചു. മാർ ബസേലിയോസിനോടൊപ്പമുണ്ടായിരുന്ന പരദേശ മെത്രാന്മാരായ മാർ ഗ്രിഗോറിയോസും മാർ ഈവാനിയോസും ഈ ഉടമ്പടി വ്യവസ്ഥകൾ അംഗീകരിച്ചു.[67]

വൈദിക വിദ്യാഭ്യാസമെന്ന തന്ത്രം: ഒരേ കുടുംബത്തിൽ നിന്നു തന്നെ തലമുറകളായി പട്ടക്കാരെ വാഴിക്കുന്ന പാരമ്പര്യമുള്ള മലങ്കരയിൽ കേന്ദ്രീകൃതമായ ഒരു വൈദികപഠനപദ്ധതി നിലവിലില്ലായിരുന്നു. തങ്ങളുടെ ആശയപ്രചാരണത്തിന് ഉതകുന്ന നല്ലൊരുപാധി എന്ന നിലയിൽ ഇരുകൂട്ടരും വൈദികവിദ്യാഭ്യാസത്തെ കണക്കാക്കി. നാടുകടത്തപ്പെട്ട മാർ ഈവാനിയോസ്, മാർ ബസേലിയോസ് ശക്രള്ളാ മഫ്രിയാന എന്നിവരുടെ ശിഷ്യനായി അന്ത്യോഖ്യൻ ക്രമം അഭ്യസിച്ച കാട്ടുമങ്ങാട്ടു കുര്യൻ കത്തനാർ മുളന്തുരുത്തിയിൽ വൈദികവിദ്യാഭ്യാസം ആരംഭിച്ചു. 1761-ൽ മാർത്തോമ്മാ അഞ്ചാമൻ ചെങ്ങന്നൂരിലും ശെമ്മാശന്മാരെയും പൈതങ്ങളെയും പഠിപ്പിച്ചു തുടങ്ങി.[68] ഈദൃശ്യ പ്രവർത്തനങ്ങൾ കുറഞ്ഞൊരു കാലം കൊണ്ട് മലങ്കരയെ പ്രത്യക്ഷത്തിൽ തെക്കെരെന്നും വടക്കരെന്നും രണ്ടു വിഭാഗമാക്കി.

ശക്രള്ളാ മഫ്രിയാനയുടെ അന്ത്യോഖ്യവൽക്കരണം: വൈദികരുടെ വേഷവിധാനത്തിലാണ് പാശ്ചാത്യ സുറിയാനിക്കാർ ആദ്യം കൈവച്ചത്. കത്തനാർമാർ തങ്ങളുടെ പട്ടമായി വളർത്തിയിരുന്ന തലമുടി ചിരപ്പിച്ച് വട്ടത്തൊപ്പി ധരിപ്പിച്ചു.[69] റോമൻ മേൽക്കോയ്മയുടെ കാലത്ത് നിലച്ചുപോയ വൈദിക വിവാഹം പുനഃസ്ഥാപിക്കലായിരുന്നു അടുത്തത്.[70] മാർ യാക്കോബിന്റെ കുർബാന തക്സാ മലങ്കരയിൽ പ്രചരിപ്പിച്ചതും[71] ഇവരാണ്.

ഇദ്ദേഹത്തിന്റെ അന്ത്യകാലമായപ്പോഴേക്കും വടക്ക് - തെക്ക് ചേരിതിരിവ് രൂക്ഷമായി. വടക്കും തെക്കും രണ്ടു ക്രമങ്ങൾ നടപ്പായി എന്നും ഒരു പരിധി വരെ മാർത്തോമ്മാ മെത്രാന് വടക്കൻ ഇടവകകളിൽ സ്വാധീനം നഷ്ടമായെന്നും സൂചനകളുണ്ട്.[72] പാശ്ചാത്യ സുറിയാനി ക്രമങ്ങളുടെ പ്രചരണവും അതുവഴി ലബ്ധമാകുന്ന അധികാരവുമായിരുന്നു അന്ത്യോഖ്യരുടെ ലക്ഷ്യമെങ്കിൽ പകലോമറ്റം കുടുംബത്തിൽ മെത്രാൻസ്ഥാനം നിലനിർത്തുക എന്നതും കൽദായ ക്രമങ്ങൾ തുടരുക എന്നതുമായിരുന്നു മാർത്തോമ്മാ അഞ്ചാമന്റെ ലക്ഷ്യം.

1765-ൽ മാർത്തോമ്മാ അഞ്ചാമൻ കാലം ചെയ്തതിനെത്തുടർന്ന്

സ്ഥാനമേറ്റ ആറാമത്തെ മാർത്തോമ്മാ മെത്രാൻ രണ്ടായി പിളർന്നുകൊണ്ടിരുന്ന മലങ്കരയെ ഏകീകരിക്കുവാൻ ഒരു ത്യാഗത്തിനു തയാറായി. അതിന്റെ ഫലമായി ഇദ്ദേഹം മാർ ദീവന്നാസ്യോസ് എന്ന പേരിൽ പരദേശി മെത്രാന്മാരായ മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് ഇവരുടെ കാർമ്മികത്വത്തിൽ മെത്രാപ്പോലീത്താ ആയി സ്ഥാനാരോഹണം ചെയ്തു.[73] ഈ സംഭവം പോലും ആരാധനാചാരങ്ങളിൽ പാശ്ചാത്യ സുറിയാനി രീതിയിലുള്ള മാറ്റങ്ങൾ വരുത്തിയില്ല എന്ന് പിൽക്കാല ചരിത്രത്തിൽ നിന്നും വ്യക്തമാണ്.

മാർ ഈവാനിയോസ് യൂഹാനോൻ ഈ സംഭവത്തിനുശേഷം മാർ ദീവന്നാസ്യോസിന്റെ സഹായകനായി മാറി. മാർ ഗ്രീഗോറിയോസാകട്ടെ ഈ സ്ഥാനാരോഹണം കൊണ്ട് തൃപ്തനായില്ല. അദ്ദേഹം 1772 വൃശ്ചികം 17-നു പാശ്ചാത്യ സുറിയാനി ക്രമങ്ങളിൽ മല്പാനായിരുന്ന കാട്ടുമങ്ങാട്ട് കുര്യൻ കത്തനാരെ മാർ കൂറിലോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. അപ്പോഴേയ്ക്കും പാശ്ചാത്യ സുറിയാനി പക്ഷപാതികൾക്ക് വ്യക്തമായ മുൻതൂക്കം ലഭിച്ചിരുന്ന കൊച്ചിരാജ്യത്തെ ഇടവകകൾ അദ്ദേഹത്തെ ഭരണാധികാരിയായി അംഗീകരിച്ചു.[74] മറ്റു പല കാരണങ്ങൾ പറയുന്നുണ്ടെങ്കിലും താൻ ഉദ്ദേശിച്ചതുപോലെ അന്ത്യോഖ്യൻ അധീശത്വവും ക്രമങ്ങളും പൂർണ്ണമായി അംഗീകരിക്കുന്ന ഒരു മെത്രാൻ സ്ഥാനം സൃഷ്ടിക്കുക എന്നതായിരുന്നു ഈ വാഴ്ചയ്ക്കു പിന്നിൽ മാർ ഗ്രീഗോറിയോസിന്റെ ഉദ്ദേശ്യം.

സന്ധിവ്യവസ്ഥകൾ ലംഘിച്ച് തനിക്കെതിരായി മെത്രാനെ വാഴിച്ചതിൽ മാർ ദീവന്നാസ്യോസ് ക്ഷുഭിതനായി. മാർ ഈവാനിയോസ് യൂഹാനോനും അദ്ദേഹത്തോടു യോജിച്ചു. 1774 മിഥുനം 22-ന് കണ്ടനാട്ടു വച്ച് ഇവർ കാട്ടുമങ്ങാട്ട് മാർ കൂറിലോസിനെ *വടിയും മുടിയും വയ്പിച്ചു.*[75] ഇത് മാർ ദീവന്നാസ്യോസിന്റെ വിജയമായിരുന്നു. മാർ കൂറിലോസിനെയും സഹോദരനേയും വെട്ടിക്കൽ നിന്ന് അദ്ദേഹത്തിന്റെ ശിഷ്യനായ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ കുന്നംകുളത്തിനു കൊണ്ടുപോയി. മാർ ശക്രള്ളാ മഫ്രിയാനയിൽ നിന്നും മുളന്തുരുത്തിയിൽ വച്ച് പാശ്ചാത്യ സുറിയാനിക്രമം അഭ്യസിച്ചിരുന്ന ഇട്ടൂപ്പ് കത്തനാർ[76] പിൽക്കാലത്ത് അവയുടെ ശക്തനായ പ്രചാരകനായി. അടുത്ത ഒരു ദശാബ്ദക്കാലം കൊണ്ട് മലങ്കരയിൽ പാശ്ചാത്യ സുറിയാനി ക്രമത്തിനു പ്രചുര പ്രചാരമായി.

ക്രമേണ വന്ന ഈ മാറ്റം മാർ ദീവന്നാസ്യോസും അംഗീകരിച്ചു. അദ്ദേഹവും മാർ ഈവാനിയോസിൽ നിന്നും പുത്തൻകാവിൽ വെച്ച് പാശ്ചാത്യ സുറിയാനി ക്രമം അഭ്യസിച്ചു തുടങ്ങി.[77]

പുതിയകാവ് സന്ധി: മലങ്കരയുടെ പാശ്ചാത്യ സുറിയാനി ആരാധനാ രീതിയിലേയ്ക്കുള്ള അതിപ്രധാനമായ ചുവടുവയ്പായിരുന്നു 1788-ൽ മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് വലിയ മാർ ദീവന്നാസ്യോസും മാർ ഈവാനിയോസും തമ്മിൽ ഉണ്ടാക്കിയ ഉടമ്പടി. ഈ ഉടമ്പടിപ്രകാരം *പുത്തൻ ക്രമം നമസ്കാരവും പട്ടം കെട്ടുകയും കാപ്പയിട്ടു കുർബാന ചൊല്ലുകയും പെൺകെട്ടും മാമ്മോദീസയും പഴയക്രമം നടന്നുകൊള്ളത്തക്കവണ്ണവും* ഒരു പടിയോല എഴുതി.[78]

പടിയോലയിൽ പറയുന്ന പുത്തൻ ക്രമം പാശ്ചാത്യ സുറിയാനി ക്രമവും പഴയക്രമം കൽദായ ക്രമവുമാണ്. കൽദായ പാരമ്പര്യപ്രകാരം വളരെ വിശേഷപ്പെട്ട ദിവസങ്ങളിലൊഴികെ കാപ്പയ്ക്കു പകരം *മാപ്ര* എന്ന ചെറിയ തിരുവസ്ത്രം ധരിച്ചാണ് പട്ടക്കാർ കുർബാന ചൊല്ലിയിരുന്നത്.[79] ഈ പതിവു മാറ്റി പാശ്ചാത്യ സുറിയാനി രീതിയിൽ എല്ലാ കുർബാനയ്ക്കും കാപ്പ ധരിക്കണമെന്നതാണ് ഈ പടിയോലയിലെ ഒന്നാമത്തെ തീരുമാനം.

പട്ടംകൊട ശുശ്രൂഷയും നമസ്കാരവും പാശ്ചാത്യ സുറിയാനി രീതിയിലാക്കിയപ്പോൾ വിവാഹവും മാമോദീസായും കൽദായ ക്രമപ്രകാരം തുടരാൻ പുതിയകാവ് പടിയോല അനുവദിച്ചു. ഈ ഉടമ്പടിയെ തുടർന്ന് മാർ ദീവന്നാസ്യോസിന്റെ പിൻഗാമിയാകേണ്ട മാത്തൻ കത്തനാരെ മാർ ഈവാനിയോസ് പാശ്ചാത്യ സുറിയാനി ക്രമം പഠിപ്പിച്ചു.[80]

മാർ ദീവന്നാസ്യോസ് പട്ടക്കാരെയും ശെമ്മാശന്മാരെയും പഠിപ്പിക്കുന്നതിനു ഉത്സാഹിക്കുകയും കുറുബാന തക്സ നമസ്കാരക്രമം, മെമ്മറാകൾ മുതലായി ശീലമുള്ള കത്തങ്ങളെക്കൊണ്ട് സുറിയാനിയിലും മലയാളത്തിലും എഴുതിച്ചു പരത്തുന്നതിനു ഉദ്യോഗിക്കുകയും ചെയ്തിരുന്നു[81] എന്ന് ഇട്ടൂപ്പ് റൈട്ടർ രേഖപ്പെടുത്തിയിരിക്കുന്നു. ഈ പരാമർശനം മുഖവിലയ്ക്കെടുക്കുകയാണെങ്കിൽ രണ്ടു സംഗതികൾ അംഗീകരിക്കണം. ഒന്ന് മാർ ദീവന്നാസ്യോസിന്റെ ശ്രമഫലമായിയാണ് പല നമസ്കാരങ്ങളുടെയും കുർബാന തക്സായുടെയും മലയാള പരിഭാഷ ഉണ്ടായത്. രണ്ട് പാശ്ചാത്യ സുറിയാനി ക്രമങ്ങൾ പ്രചരിപ്പിക്കേണ്ടുന്ന (അതായത് അവ നിലവിലില്ലാത്ത) അവസ്ഥയായിരുന്നു അന്നുണ്ടായിരുന്നത്. ഇതിൽ രണ്ടാമത്തെ വസ്തുത മറ്റു തെളിവുകളാൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

മാർ ദീവന്നാസ്യോസ് വേദപുസ്തക പരിഭാഷയിൽ കാണിച്ച ഉത്സാഹവും നേതൃത്വവും അദ്ദേഹത്തിന് തർജ്ജമയിലുള്ള താത്പര്യം വെളിവാക്കുന്നുണ്ട്.[82] ഈ പശ്ചാത്തലത്തിൽ ഫാ. ജോസഫ് ചീരൻ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമന്റേത്

എന്നവകാശപ്പെടുന്ന കുർബാനക്രമ പരിഭാഷയും കോനാട്ട് അബ്രഹാം മൽപ്പാൻ ഒന്നാമൻ (1780–1865) കോട്ടയത്തു സെമിനാരിയിൽ വെച്ച് 1820-ൽ എഴുതിയ പരിഭാഷയും മാർ ദീവന്നാസ്യോസ് ഒന്നാമന്റെ കാലത്തു പരിഭാഷപ്പെടുത്തിയ മൂലത്തിൽ നിന്നല്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അന്ന് അപ്രകാരം തർജ്ജമ ചെയ്യുവാൻ ഏറ്റവും സാദ്ധ്യതയുള്ള വ്യക്തി കായംകുളം പീലിപ്പോസ് റമ്പാനായിരുന്നു. പീലിപ്പോസ് റമ്പാന്റെ സുറിയാനി-മലയാള ഭാഷാസ്വാധീനവും വേദശാസ്ത്ര പാണ്ഡിത്യവും തെളിയിക്കുന്ന സുവിശേഷ പരിഭാഷ കൂടാതെ മറ്റു കൃതികൾ സമീപകാലത്ത് കണ്ടെടുത്തിട്ടുണ്ട്. കോനാട്ട് മൽപ്പാന്റെ തർജമ കുർബാന ക്രമം (ജനവും ശുശ്രൂഷകരും ചൊല്ലേണ്ടത്) മാത്രമാണ്. അതിന്റെ വിശദ വിവരങ്ങൾ പിന്നാലെ ചേർത്തിട്ടുണ്ട്.

തച്ചിൽ മാത്തുത്തരകന്റെ പീഡയുടെയും തുടർന്നുള്ള കുഴച്ചിലുകളുടെയും കാലത്ത് പാശ്ചാത്യ സുറിയാനി ക്രമം ശക്തമായി പ്രചരിക്കുകയായിരുന്നു. തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽ നിന്നും ബഹിഷ്കൃതനായ കാട്ടുമങ്ങാട്ട് മാർ കൂറിലോസിന്റെ സഹോദരൻ രണ്ടാമത്തെ മാർ കൂറിലോസ് 1795 മുതൽ മുളന്തുരുത്തി, വെട്ടിക്കൽ മുതലായ പള്ളികളിൽ താമസിച്ച് വൈദിക വിദ്യാഭ്യാസം നൽകി[83] എന്നത് വർദ്ധിച്ചുവന്ന പാശ്ചാത്യ സുറിയാനി ആഭിമുഖ്യത്തിന്റെ തെളിവായി കണക്കാക്കാം.

തുടരുന്ന കൽദായ പാരമ്പര്യം: 1788-ലെ പുതിയകാവു സന്ധി കൽദായ പാരമ്പര്യത്തിന്റെ അവസാനത്തിന്റെ ആരംഭമായി കണക്കാക്കാം. വടക്കുനിന്ന് തെക്കോട്ടേയ്ക്ക് അടുത്ത ഒരു ദശാബ്ദം കൊണ്ട് പാശ്ചാത്യ സുറിയാനി പാരമ്പര്യം കൽദായ പാരമ്പര്യത്തെ തള്ളിനീക്കി പ്രചരിച്ചു. വലിയ മാർ ദീവന്നാസ്യോസിന്റെ അന്ത്യകാലത്തും മാർത്തോമ്മാ ഏഴാമന്റെ കാലത്തും ഭൂരിപക്ഷവും പാശ്ചാത്യ സുറിയാനി ക്രമങ്ങളായി മാറി എങ്കിലും ചില കൽദായ പാരമ്പര്യങ്ങൾ നിലനിന്നു. 1808 ഏപ്രിൽ 10-നു ഓശാന ഞായറാഴ്ച പുത്തൻകാവു പള്ളിയിൽ നടത്തിയ *അടച്ചുതുറ* എന്ന ചടങ്ങ് കൽദായ പാരമ്പര്യത്തിലുള്ളതാണ്.[84] വലിയ മാർ ദീവന്നാസ്യോസിന്റെ കബറടക്കം നടത്തിയത് കഷ്ടാനുഭവാഴ്ചയിലെ ചൊവ്വാഴ്ച (12-4-1808) വി. കുർബാന ചൊല്ലിയാണ്. അന്നേ ദിവസം കുർബാന ചൊല്ലുക എന്നത് പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ നിഷിദ്ധവും കൽദായ പാരമ്പര്യത്തിൽ അനുവദനീയവുമാണ്.[85]

ഒരു പക്ഷേ തച്ചിൽ മാത്തുത്തരകന്റെ പീഡയിലവസാനിച്ച റോമാവൽക്കരണ ശ്രമത്തിൽ നിന്നും രക്ഷ നേടാനായി പാശ്ചാത്യ സുറിയാനി ക്രമങ്ങൾ ഈ കാലഘട്ടത്തിൽ ബോധപൂർവ്വം പ്രചരിപ്പിച്ചു എന്നു വിചാരിക്കുന്നതിലും യുക്തിഭംഗമില്ല. കാരണം റോമാ സുറിയാനിക്കാർ അന്നു

പയോഗിച്ചിരുന്ന ക്രമങ്ങളും നസ്രാണികളുടെ കൽദായക്രമവും തമ്മിലുള്ള വിടവ് നാമമാത്രമായിരുന്നു. ആ വിടവ് വർദ്ധിപ്പിക്കാനും അതുവഴി റോമൻ അധിനിവേശം ദുർഘടമാക്കാനും ബോധപൂർവ്വമായ ശ്രമം നടന്നതായി സംശയിക്കണം.

പഞ്ചാംഗങ്ങൾ നൽകുന്ന തെളിവ്: ഇക്കാലത്തു രചിക്കപ്പെട്ട രണ്ടു സഭാപഞ്ചാംഗങ്ങൾ ശ്രദ്ധേയമാണ്. 1797-ൽ ചാത്തന്നൂർ പള്ളിയുടെ ഭിത്തിയിൽ എഴുതിയതും, അതിനു മുമ്പ് എഴുതപ്പെട്ടതെന്നു വിശ്വസിക്കാവുന്ന പിറവം പള്ളിയുടെ ഭിത്തിയിലെ പഞ്ചാംഗവുമാണവ. ഇവ രണ്ടിലും പ. ഗീവർഗീസ് സഹദായുടെ പെരുനാൾ മേടം 24-നും സ്ലീബാ പെരുന്നാൾ കന്നി 13-നും ആയിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പേർഷ്യൻ പാരമ്പര്യമാണ്.[86] പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ ഇവ യഥാക്രമം മേടം 23-ഉം കന്നി 14-ഉം ആണ്. 1873-ൽ പോലും ഇവ മാറ്റം കൂടാതെ കൽദായ രീതിയിൽ നിലനിന്നിരുന്നു എന്നതിനു തെളിവുകളുണ്ട്.[87] ചാത്തന്നൂർ പഞ്ചാംഗത്തിൽ പാശ്ചാത്യ സുറിയാനി ആചാരങ്ങൾ പ്രചരിപ്പിക്കാനുള്ള ശ്രമവും കാണുന്നുണ്ട്.

തുടരുന്ന റോമൻ പാരമ്പര്യം: റോമൻ ആധിപത്യം അവസാനിച്ച് ഒന്നര നൂറ്റാണ്ടിനു ശേഷവും മലങ്കരസഭയിൽ ചില റോമൻ പാരമ്പര്യങ്ങൾ നിലനിന്നിരുന്നു. വലിയ മാർ ദീവന്നാസ്യോസിന്റെ അവസാന നാളുകളിൽപോലും പല റോമൻ രീതികളും പിൻതുടർന്നതായി രേഖകളുണ്ട്. അദ്ദേഹം 1793-ൽ *വിഭൂതി ബുധനാഴ്ച* ആചരിച്ചതായും 1808-ൽ *ആദ്യത്തെ ഒപ്രൂശ്മ* (സൈത്തര്യലേപനം) നടത്തിയതായും കാണുന്നു.[88] പല പെരുന്നാളുകളും റോമൻ സഭ ഇവിടെ പ്രചരിപ്പിച്ച രീതിയിലാണ് നിലനിന്നിരുന്നത്. ഉദാഹരണത്തിന് ധനു 18-ന് മാർത്തോമ്മാ ശ്ലീഹാ കുന്തമേറ്റ പെരുന്നാൾ പോർട്ടുഗീസുകാർ പ്രചരിപ്പിച്ചതുപോലെ *ആദംബമലയിൽ* (മയിലാപ്പൂരിൽ) *സ്ലീബ വിയർത്ത പെരുനാളായി* ആണ് ചാത്തന്നൂർ, പിറവം പഞ്ചാംഗങ്ങളിൽ കാണുന്നത്.

നസ്രാണികളുടെ ഇടയിൽ ഏറ്റവും പ്രചുര പ്രചാരം നേടിയതും ആഴത്തിൽ വേരൂന്നിയതുമായ റോമൻ പാരമ്പര്യങ്ങൾ രണ്ടെണ്ണമാണ്. അവ രൂപങ്ങളുടെ ഉപയോഗവും വൈദിക ബ്രഹ്മചര്യവുമാണ്. 1795-ൽ പുത്തൻകാവ് പള്ളി കൂദാശയ്ക്ക് ചെങ്ങന്നൂർ പള്ളിയിൽ നിന്നും കന്യാസ്ത്രീ അമ്മയുടെ രൂപം കൊണ്ടുവന്നു എന്ന് ചരിത്രമുണ്ട്.[89] വളരെയധികം ശ്രമിച്ചിട്ടും ഈ പാരമ്പര്യം മാറാതെ കിടന്നു. പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസിന്റെ കാലത്തുപോലും പള്ളികളിൽ നിന്നും രൂപങ്ങൾ പൂർണ്ണമായും മാറിയിരുന്നില്ല.[90]

അതുപോലെതന്നെ വളരെയധികം ശ്രമിച്ചിട്ടും, കശീശന്മാർക്കു

പോലും വിവാഹത്തിന് അനുവാദം കൊടുത്തിട്ടും, വൈദിക വിവാഹം വീണ്ടും പ്രാബല്യത്തിൽ കൊണ്ടുവരിക ക്ഷിപ്രസാദ്ധ്യമായില്ല. മാർ യൂയാക്കീം കൂറിലോസ് (മലങ്കരയിൽ 1846-74) *പെൺകെട്ടു കൂടാതെ പട്ടം കെട്ടുകയില്ലെന്നു കൂറിലോസിന്റെ ചട്ടം* എന്നു വേങ്ങൂർ പള്ളിയിൽ എഴുതിയിരിക്കുന്നതുപോലുള്ള[91] കർശന നിബന്ധന വെച്ചിട്ടും മാർ പത്രോസ് പാത്രിയർക്കീസിന്റെ ആഗമന കാലത്തുപോലും ഇതു സർവ്വ സാധാരണമായില്ല.

കണ്ടനാട് പടിയോല: മാർത്തോമ്മാ ഏഴാമന്റെ ഹ്രസ്വമായ ഭരണവും (1808-9) അദ്ദേഹത്തിന്റെ പിൻഗാമിയെ വാഴിച്ചതിലുള്ള ക്രമരാഹിത്യവും പാശ്ചാത്യ സുറിയാനി പക്ഷപാതികൾ മുതലെടുത്തു. 1809 ചിങ്ങം ഒന്നിനു കണ്ടനാട്ടു പള്ളിയിൽ കൂടിയ *മലങ്കര പള്ളിയോഗം* കൽദായ ക്രമങ്ങളിൽ അവശേഷിച്ചിരുന്നതുകൂടി പുറംതള്ളി. പൂർണ്ണമായും പാശ്ചാത്യ സുറിയാനി ക്രമങ്ങൾ അംഗീകരിച്ചു. കായംകുളം പീലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരുമായിരുന്നു ഈ വിപ്ലവത്തിനു നേതൃത്വം നൽകിയത്.

ആരാധനക്രമങ്ങളെ സംബന്ധിച്ച് കണ്ടനാട്ടു പടിയോലയിലെ മൂന്ന് നിശ്ചയങ്ങളാണ് പ്രാധാന്യമർഹിക്കുന്നത്. അവ:

1. തെക്കും വടക്കും വേദാഭ്യാസത്തിനു ഓരോ പഠിത്തവീടു സ്ഥാപിക്കണം. അവിടെ പഠിച്ചു സർട്ടിഫിക്കറ്റു നേടിയവർക്കു മാത്രം സ്ഥാനം കൊടുക്കണം.

2. ആണ്ടുതക്സാ പകർത്തിയെഴുതി എല്ലാ പള്ളികളിലും ഉപയോഗിക്കണം.

3. നമസ്കാരം, കുർബാന, വിവാഹം, മാമോദീസ, മാറാനായ പെരുനാളുകൾ ഇവയെല്ലാം *യാക്കോബായ സുറിയാനിക്കാരുടെ* ക്രമം പോലെ ആചരിക്കണം.

കൂടാതെ മാർ ഈവാനിയോസ് യൂഹാനോന്റെ ശിഷ്യനായ കായംകുളം പീലിപ്പോസ് റമ്പാനെയും കാട്ടുമങ്ങാട്ടു മല്പാന്റെ ശിഷ്യനായ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരെ റമ്പാനാക്കി അദ്ദേഹത്തേയും മെത്രാന്റെ കാര്യവിചാരകന്മാരാക്കി നിയമിച്ചു.[92] ഇവർ രണ്ടുപേരും പാശ്ചാത്യ സുറിയാനിക്രമങ്ങളിൽ പണ്ഡിതരും അവയുടെ വക്താക്കളുമായിരുന്നു.

പാശ്ചാത്യ സുറിയാനിക്രമങ്ങൾ ശാശ്വതമാക്കാൻ ദീർഘവീക്ഷണത്തോടുകൂടി തയാറാക്കിയവയായിരുന്നു ഈ നിശ്ചയങ്ങൾ. സെമിനാരിയുടെ സ്ഥാപനവും സർട്ടിഫിക്കറ്റും നിലവിലുള്ള പട്ടക്കാരെ പാശ്ചാ

ത്യ സുറിയാനിക്രമം അഭ്യസിക്കുന്നതോടൊപ്പം ഈ ക്രമം പഠിച്ചവർക്കു മാത്രമേ ഭാവിയിൽ പട്ടം ലഭിക്കൂ എന്നുറപ്പാക്കുകയും ചെയ്തു. ആണ്ടുതക്സായുടെ പ്രചരണം കൽദായ ക്രമങ്ങളായ *ഹൂദ്ര*യെ നിർമ്മാർജനം ചെയ്തു. 1778-ലെ മാവേലിക്കര സന്ധിപ്രകാരം തുടരാൻ അനുവദിച്ചിരുന്ന കൽദായ ക്രമങ്ങളായ വിവാഹം, മാമോദീസാ ആദിയായവ കൂടി എടുത്തുകളഞ്ഞ കണ്ടനാട്ടു യോഗം പാശ്ചാത്യ സുറിയാനി ആരാധനാരീതിയുടെ സമ്പൂർണ്ണ ഔദ്യോഗിക വിജയമായിരുന്നു.

മാർത്തോമ്മാ എട്ടാമനാകട്ടെ, ഇട്ടൂപ്പ് കത്തനാരെ റമ്പാനാക്കുക എന്ന തൊഴികെ മറ്റൊരു തീരുമാനവും നടപ്പാക്കിയില്ല. ഇതോടെ റമ്പാന്മാരുടെ നേതൃത്വത്തിൽ (പ്രധാനമായും വടക്കൻ പള്ളികൾ) *കണ്ടനാടു പടിയോല* നടപ്പാക്കണമെന്ന ആവശ്യവുമായി മുന്നോട്ടുവന്നു. മെത്രാനാകട്ടെ *ഇട്ടൂപ്പ് കത്തനാർ മുതൽപേർ കീഴുനാളിൽ നടന്നിട്ടില്ലാത്ത ചട്ടങ്ങളെ മര്യാദയായി നടത്തണമെന്നു നിശ്ചയിച്ചു*[93] പ്രവർത്തിക്കുന്നതായി ആരോപിച്ചു.

വടക്കൻ ഇടവകകൾ പാശ്ചാത്യ സുറിയാനിവൽക്കരണത്തെ അനുകൂലിച്ചു എങ്കിലും വടക്ക് പൂർണ്ണമായും പാശ്ചാത്യ സുറിയാനി പക്ഷപാതികളെന്നോ തെക്ക് പൂർണ്ണമായും കൽദായ പക്ഷപാതികളെന്നോ പറയുക സാദ്ധ്യമല്ല. തെക്കുനിന്ന് കായംകുളം പീലിപ്പോസ് റമ്പാൻ ഇട്ടൂപ്പ് റമ്പാനോടൊപ്പം പാശ്ചാത്യ സുറിയാനി ക്രമങ്ങളുടെ വക്താവായപ്പോൾ വടക്ക് കിടങ്ങൻ വറുഗീസു കത്തനാർ, കോനാട്ടു മല്പാൻ, ചക്കരയകത്ത് ഇട്ടൂപ്പ് കത്തനാർ മുതലായവർ മെത്രാനോടൊത്തു നിന്നു. 1806-ലെ *ആർത്താറ്റു പടിയോല* തന്നെയും സ്വന്ത ഇടവകയിൽ ഇട്ടൂപ്പ് കത്തനാരുടെ നവീന ആരാധനക്രമങ്ങളോട് എതിർപ്പുള്ളവർ ചമച്ചതല്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

സെമിനാരി സ്ഥാപനം പാശ്ചാത്യ സുറിയാനി ക്രമങ്ങളുടെ പ്രചാരണത്തിനായിരുന്നു ഉദ്ദേശിച്ചിരുന്നത് എന്നതിന് ഏറ്റവും വലിയ തെളിവ് സെമിനാരി പഠനത്തിന് ഓരോ ഇടവകയിൽ നിന്നും ഓരോ ശെമ്മാശിനോടും പൈതലിനോടും ഒപ്പം ഓരോ കത്തനാർമാരെയും കൂടി വിടണമെന്ന ഇട്ടൂപ്പ് റമ്പാന്റെ പരാമർശനം തന്നെയാണ്.[94] എന്നാൽ പരസ്പരം വാദവും തർക്കവുമായി കഴിഞ്ഞതല്ലാതെ ദീർഘകാലത്തേയ്ക്കു മറ്റൊന്നും സംഭവിച്ചില്ല.

ഇക്കാലത്ത് കേണൽ മൺറോയുടെ പ്രീതി സമ്പാദിച്ച ഇട്ടൂപ്പ് റമ്പാന്റെ സ്വാധീനം വർദ്ധിച്ചുവന്നു. അതിനു അനുരൂപമായി മാർത്തോമ്മാ എട്ടാമന്റെ ജനപ്രീതി കുറയുകയും ചെയ്തു. ഇതിനിടയിൽ 1812-ൽ കായംകുളം പീലിപ്പോസ് റമ്പാൻ മരിച്ചുപോയതിനാൽ

പാശ്ചാത്യ സുറിയാനി പക്ഷത്തിന്റെ നേതൃത്വം പൂർണ്ണമായും ഇട്ടൂപ്പ് റമ്പാനിൽ വന്നുചേർന്നു.

സെമിനാരി സ്ഥാപനം: രണ്ടു *പഠിത്ത വീടുകൾ* സ്ഥാപിക്കാനുള്ള *കണ്ടനാട്ടു പടിയോല* നിശ്ചയം മെത്രാൻ പാലിക്കാത്തതിനെ തുടർന്ന്, വൈദിക വിദ്യാഭ്യാസത്തിൽ അതീവ തല്പരനായിരുന്ന കേണൽ മൺറോയുടെ സഹായത്തോടെ ഇട്ടൂപ്പ് റമ്പാൻ തനിച്ച് അതിനു ശ്രമം തുടങ്ങി. നാലു വർഷത്തെ വട്ടിപ്പണപ്പലിശ 1813-ൽ ഇട്ടൂപ്പ് റമ്പാൻ വാങ്ങി സെമിനാരി പണി ആരംഭിച്ചു. കേണൽ മൺറോയുടെ താൽപ്പര്യപ്രകാരം തെക്കും വടക്കും രണ്ട് *പഠിത്തവീടിനു* പകരം കോട്ടയത്താണ് റമ്പാൻ സെമിനാരി പണിതത്.[95] പിറ്റേവർഷം പണിതീർന്ന് സെമിനാരിയിൽ പഠിത്തം ആരംഭിച്ചു. ഇതോടെ മലങ്കരയിൽ ക്രമീകൃതമായ വൈദിക വിദ്യാഭ്യാസ പദ്ധതിയും ആരംഭിച്ചു. ആത്യന്തികമായി ആരാധനക്രമങ്ങളുടെ ഏകീകരണവും.

പകലോമറ്റം അസ്തമിക്കുന്നു: 1815-ൽ കിടങ്ങൻ മാർ പീലക്സീനോസിൽ നിന്നും മാർ ദീവന്നാസ്യോസ് എന്ന പേരിൽ മേല്പട്ടം സ്വീകരിക്കുകയും[96] മാർത്തോമ്മാ എട്ടാമന്റെ പിൻഗാമിയായ അയ്പ് മെത്രാനെക്കൊണ്ട് *വടിയും മുടിയും വെപ്പിച്ച്* അധികാരം പിടിച്ചെടുക്കുകയും ചെയ്തതോടെ പകലോമറ്റം കുടുംബ വാഴ്ച അവസാനിച്ചു. അതോടെ കൽദായ ക്രമങ്ങളുടെ അവസാനത്തെ പിന്തുണയും നഷ്ടമായി.

പൗരസ്ത്യ സുറിയാനി, കൽദായ പാരമ്പര്യത്തിന്റെ അവസാനത്തെ കണ്ണി: ആരാധനയുടെ ക്രമങ്ങൾ പൂർണ്ണമായും പാശ്ചാത്യ സുറിയാനി (അന്ത്യോഖ്യൻ) ആയി മാറി എങ്കിലും ആരാധനാഭാഷയായി പഴയ കൽദായ സുറിയാനി തന്നെ തുടർന്നു. 19-ാം നൂറ്റാണ്ടിൽ കൽദായ സുറിയാനിയിൽ എഴുതപ്പെട്ട പാശ്ചാത്യ സുറിയാനി ക്രമങ്ങൾ ആണ് ഉപയോഗിച്ചിരുന്നത്. 20-ാം നൂറ്റാണ്ടിന്റെ ആരംഭം വരെ ഈ രീതി തുടർന്നു. കോനാട്ടു പ്രസിന്റെ ഉത്ഭവവും അവിടെനിന്നും പാശ്ചാത്യ സുറിയാനിയിൽ അച്ചടിച്ച ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണവുമാണ് കൽദായ സുറിയാനിയെ നിഷ്കാസനം ചെയ്തത്.

കൽദായ പാരമ്പര്യത്തിന്റെ അവശിഷ്ടമായി ഇന്നു നിലനിൽക്കുന്ന ഒന്നുണ്ട്. മലങ്കരയിലെ സുറിയാനി ഉച്ചാരണം. പൊതുവായി ഉപയോഗിക്കുന്ന വാക്കുകൾക്ക് ഇന്നും പൗരസ്ത്യ സുറിയാനി ഉച്ചാരണമാണ് ഉപയോഗിക്കുന്നത്. ലിപിയും ഭാഷയും വ്യാകരണവും പാശ്ചാത്യ സുറിയാനിയായി ഒരു നൂറ്റാണ്ടു കഴിഞ്ഞിട്ടും ഈ നിലയ്ക്കു മാറ്റമില്ല.

മലയാള പരിഭാഷ: കൊല്ലവർഷം 985 (1809) ചിങ്ങം 1-നു നടന്ന കണ്ടനാടു യോഗവും 1815-ലെ സെമിനാരി സ്ഥാപനവും മൂലം മലങ്കര

സഭ പാശ്ചാത്യ സുറിയാനി ക്രമങ്ങളെ ഔദ്യോഗികമായി അംഗീകരിയ്ക്കുകയും അരക്കിട്ടുറപ്പിക്കുകയും ചെയ്തു എന്നു പറയാം. എങ്കിലും കാലദേശ പരിമിതികൾ മൂലം മലങ്കരയിൽ പ്രചാരത്തിലിരുന്ന മറ്റു ക്രമങ്ങളുടെ അസ്തമനം ഒറ്റയടിക്കു സംഭവിച്ചില്ല. കുറഞ്ഞതു മുക്കാൽ നൂറ്റാണ്ടു കൂടിയെങ്കിലും അത്തരം സ്വാധീനങ്ങൾ മലങ്കരയിൽ നിലനിന്നു.

1806-ൽ ഡോ. ക്ലോഡിയസ് ബുക്കാനന്റെ ആഗമനത്തോടെ ആരംഭിച്ച പ്രൊട്ടസ്റ്റന്റ് സഹവാസം മറ്റൊരു സുപ്രധാന സംഭവത്തിനു വഴിമരുന്നിട്ടു. ആരാധനാക്രമങ്ങളുടെ മലയാള പരിഭാഷ. പാശ്ചാത്യ സുറിയാനി ക്രമങ്ങൾ മലങ്കരയിൽ ഉറയ്ക്കാൻ ഏറ്റം പ്രധാന കാരണമായി തീർന്ന ഈ പരിഭാഷായുഗം ആരംഭിച്ചത് വേദപുസ്തക പരിഭാഷയോടെയാണ്.

വേദപുസ്തക പരിഭാഷ: വേദപുസ്തകം മലയാളത്തിൽ പരിഭാഷപ്പെടുത്തി അച്ചടിച്ചു നൽകാമെന്ന ഡോ. ക്ലോഡിയസ് ബുക്കാനന്റെ വാഗ്ദാനം വലിയ മാർ ദിവന്നാസ്യോസ് (ആറാം മാർത്തോമ്മാ) സ്വീകരിച്ചു. പണ്ഡിതനായ കായംകുളം പീലിപ്പോസ് റമ്പാനെ അദ്ദേഹം പരിഭാഷയ്ക്കായി നിയോഗിച്ചു.[97] ചില ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ, ബുക്കാനന്റെ വരവിനു മുമ്പുതന്നെ കായംകുളം പീലിപ്പോസ് റമ്പാന്റെ നേതൃത്വത്തിൽ പരിഭാഷ ആരംഭിച്ചിരുന്നു.[98]

ഇത് വിപ്ലവകരമായ ഒരു കാൽവെപ്പായിരുന്നു; അതും ആരാധന ദേവഭാഷയിൽ (ഹിന്ദുവിനു സംസ്കൃതം, നസ്രാണിക്ക് സുറിയാനി) അല്ലാതെ നടത്തുന്നതിനെപ്പറ്റി ചിന്തിക്കുവാൻ പോലും സാദ്ധ്യമല്ലാത്ത യാഥാസ്ഥിതിക കേരളസമൂഹത്തിൽ. വായനപ്പടി ഏവൻഗേലിയോന്റെ രൂപത്തിൽ തലവാചകങ്ങളോടെ പരിഭാഷപ്പെടുത്തിയ നാലു സുവിശേഷങ്ങൾ 1811-ൽ ബോംബയിലെ കൂറിയർ പ്രസിൽ അച്ചടിപ്പിച്ച് മലങ്കരയിലെത്തി. ഇതായിരുന്നു പരിഭാഷായുഗത്തിലെ ഒന്നാമത്തെ ചുവടുവെയ്പ്പ്.

പ്രൊട്ടസ്റ്റന്റു യുഗാരംഭം: സെമിനാരിയിൽ വൈദികർക്ക് ആധുനിക വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ആംഗ്ലിക്കൻ മിഷനറിമാരെ സെമിനാരി അദ്ധ്യാപകരായി സഭ സ്വീകരിച്ചത്. മലങ്കരസഭയുടെ ദൗർഭാഗ്യം മൂലം ആംഗ്ലിക്കൻ സഭയിലെ ലോ ചർച്ചു വിഭാഗക്കാരായ സി.എം.എസ്. മിഷനറിമാരാണ് അവിടെ അദ്ധ്യാപകരായി എത്തിയത്. സെമിനാരി സ്ഥാപനത്തിനു പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ (പിന്നീട് മാർ ദീവന്നാസ്യോസ് ദ്വിതീയൻ) സഹായിച്ച തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡന്റും ദിവാനുമായിരുന്ന കേണൽ മൺറോ, ആംഗ്ലിക്കൻ ആരാധനക്രമങ്ങൾ പരിഭാഷപ്പെടുത്താൻ മിഷനറിമാരോട് അഭ്യർ

ത്ഥിച്ചു. വിദൂരഭാവിയിൽ അവയെ മലങ്കരസഭ സ്വന്തം ക്രമങ്ങളായി അംഗീകരിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.[99]

കേണൽ മൺറോ ഈ അഭിപ്രായം പ്രകടിപ്പിക്കുന്ന 1818-നു മുമ്പു തന്നെ ബ്രിട്ടീഷ് അധികാരത്തിന്റെ അഹന്തയും പ്രൊട്ടസ്റ്റന്റു തീവ്രതയും ഉണ്ടായിരുന്ന സി.എം.എസ്. മിഷനറിമാർ ആംഗ്ലിക്കൻ ക്രമങ്ങളുടെ പരിഭാഷ ആരംഭിച്ചിരുന്നു. ഒരു പടി കൂടെ കടന്ന് ആംഗ്ലിക്കൻ സഭയുടെ ഔദ്യോഗിക പ്രാർത്ഥനാ പുസ്തകമായ *ബുക്ക് ഓഫ് കോമൺ പ്രയേഴ്സ്* റവ. തോമസ് നോർട്ടൻ എന്ന മിഷനറി പരിഭാഷപ്പെടുത്തി. ഇത് മലങ്കരസഭയുടെ അംഗീകൃത പള്ളിക്രമങ്ങൾക്ക് ഒരു മാതൃക എന്ന നിലയിൽ അന്നത്തെ മലങ്കര മെത്രാപ്പോലീത്തായ്ക്ക് സമർപ്പിച്ചു. എങ്കിലും സഭ ഈ ക്രമം അംഗീകരിച്ചില്ല.[100]

മാവേലിക്കര യോഗം: മലങ്കരയിലെ പള്ളിക്രമങ്ങൾ പരിഷ്ക്കരിക്കണം എന്ന മിഷനറിമാരുടെ സ്വാധീനവും സമ്മർദ്ദവും വർദ്ധിച്ചുവന്നപ്പോൾ ആയതിനെക്കുറിച്ച് ആലോചിക്കുന്നതിന് 1818 ഡിസംബർ 3-നു മാവേലിക്കരയിൽ ഒരു *മലങ്കര പള്ളിയോഗം* വിളിച്ചുകൂട്ടി. സി.എം.എസ്. മിഷനറി ബേക്കർ ഫെൻ, അദ്ധ്യക്ഷവേദിയിൽ നിന്നുകൊണ്ട് പരിഷ്കരണം ആവശ്യമാണെന്ന് പ്രസ്താവിച്ചു. കോനാട്ടു മല്പാൻ തുറന്ന് എതിർത്തതിനാലും ജനപ്രതിനിധികൾ അംഗീകരിക്കാതിരുന്നതിനാലും ഈ ശ്രമം പരാജയപ്പെട്ടു.[101] ഇത് മിഷനറിമാർക്ക് ഏറ്റ ആദ്യ പരാജയമായിരുന്നു.

ഈ സുന്നഹദോസിനു ഏതാനും ദിവസം മുമ്പ് നവംബർ 29-നു മാവേലിക്കര പള്ളിയിൽ വെച്ച് കത്തനാരന്മാരുടെ ആവശ്യപ്രകാരം ആംഗ്ലിക്കൻ ആരാധനയുടെ ഏതാനും ഭാഗങ്ങൾ റവ. തോമസ് നോർട്ടൻ ഉപയോഗിച്ചു കാണിച്ചു.[102] ഇത് സുന്നഹദോസിനു മുമ്പ് സഭ നടത്തി നോക്കിയ ഒരു പ്രായോഗിക പരീക്ഷയായി വേണം കണക്കാക്കാൻ. പക്ഷേ ആംഗ്ലിക്കൻ ആരാധനാരീതി നസ്രാണികൾക്ക് സ്വീകാര്യമായില്ല എന്നാണ് സുന്നഹദോസിന്റെ തീരുമാനം സൂചിപ്പിക്കുന്നത്. ഇക്കാലത്തൊന്നും *ബുക്ക് ഓഫ് കോമൺ പ്രയേഴ്സിന്റെ* മലയാള പരിഭാഷ അച്ചടിക്കപ്പെട്ടിരുന്നില്ല. 1830-ൽ മാത്രമാണ് ഇത് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയത്.[103]

ആദ്യ കുർബാനക്രമ പരിഭാഷ: സി.എം.എസ്. മിഷനറിമാരുടെ മലയാള പരിഭാഷകൾ നസ്രാണികളെ സ്വാധീനിക്കുവാനിടയുണ്ടെന്ന വസ്തുത നസ്രാണികളും മനസ്സിലാക്കി. ആ വിധത്തിലുള്ള പരിഭാഷ ശ്രമങ്ങൾ നസ്രാണികളും ഈ കാലഘട്ടത്തിൽ ആരംഭിച്ചു. പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലുള്ള ആദ്യ മലയാള ആരാധനക്രമം 1820-ൽ

കോനാട്ട് അബ്രഹാം മൽപ്പാൻ ഒന്നാമൻ സെമിനാരിയിൽ വെച്ച് എഴുതിയ *സ്തുതി ചൊവ്വാക്കപ്പെട്ട യാക്കോബായെക്കററെന്നു വിളിക്കപ്പെടുന്ന സുറിയാനിക്കാര ക്രിസ്ത്യാനികൾ അന്തിയിലും മയ്യലിലും നമസ്കരിക്കേണ്ടും ക്രമം* എന്ന ഗ്രന്ഥമാണ്.[104] ഈ കൈയെഴുത്തു കൃതിയിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു.

1) കുരിശു വരപ്പാൻ (കൗമ്മാ).
2) സന്ധ്യാനമസ്കാരം (*പട്ടാങ്ങപ്പെട്ട....* വരെ ഇന്നത്തേതു പോലെ തന്നെ).
3) കന്യകമറിയാമിനോടുള്ള അപേക്ഷ.
4) ശയന നമസ്കാരം (*ഞങ്ങൾക്കുള്ള കർത്താവേ...* ഇന്നുപയോഗിക്കുന്ന തർജ്ജമ സഹിതം).
5) മാർ അപ്രേമിന്റെ അപേക്ഷകൾ.
6) പാതിരായുടെ നമസ്കാരം (സങ്കീർത്തന പരിഭാഷകൾ സഹിതം).
7) പ്രഭാത നമസ്കാരം.
8) പത്ത് കല്പനകൾ.
9) കൂദാശകൾ.
10) ശുദ്ധമാന പള്ളിയുടെ കല്പനകൾ.
11) മനോഗുണ പ്രവർത്തികൾ.
12) ചാവു ദോഷങ്ങൾ (മരണകരമായ പാപങ്ങൾ).
13) സന്ധ്യയുടെ മെമ്രാകൾ (മാർ യാക്കോബ്).
14) മാർ പീലക്സീനോസിന്റെ അപേക്ഷ.
15) അനുതാപത്തിന്റെ ഏഴ് മസുമൂറകൾ.
16) കുർബാനക്രമം (ജനവും ശുശ്രൂഷകരും ചൊല്ലേണ്ടത്).
17) സ്പർഹായോ.[105]
18) നോമ്പു കണക്ക്.
19) എപ്പക്കത്തി.
20) പെരുനാൾ പട്ടിക.

ഈ കൃതിയുടെ അവസാനം *ഇംഗ്ലീഷന്മാരുടെ നമസ്കാരത്തിൽ നമുക്കു കൊള്ളാവുന്ന*വയായി അഞ്ച് അപേക്ഷകൾ മലയാളത്തിൽ ചേർത്തിട്ടുണ്ട്. ഇത് മിഷനറിമാരുടെ തർജ്ജമയാണ്. *ബുക്ക് ഓഫ് കോമൺ പ്രയേഴ്സി*ന്റെ രൂപത്തിൽ മലങ്കരസഭ ആരാധനക്രമങ്ങളെ മാറ്റാൻ തയാറായില്ലെങ്കിലും, അവയിലെ നല്ല വശം ഉൾക്കൊള്ളാൻ തയാറായി എന്നതാണ് ഇതിൽ നിന്നും മനസ്സിലാകുന്ന വസ്തുത.

മാവേലിക്കര പടിയോല: ചെറുപ്പക്കാരും അധികാര ഗർവുള്ളവരുമായ കൂടുതൽ മിഷനറിമാർ വന്നതോടെ സെമിനാരിയിലും സുറിയാനി

പ്പള്ളികളിലും പ്രൊട്ടസ്റ്റന്റു വിശ്വാസം പരസ്യമായി പഠിപ്പിക്കാൻ തുടങ്ങി. കൂടാതെ പ്രൊട്ടസ്റ്റന്റു രീതിയിൽ അവർ ആരാധനയും ആരംഭിച്ചു. ഇതോടെ മലങ്കര-ആംഗ്ലിക്കൻ ബന്ധം വഷളായി. 1836 ജനുവരി 16-നു മാവേലിക്കര സുന്നഹദോസ് കൽക്കട്ട ബിഷപ്പ് ദാനിയേൽ വിത്സന്റെ നിർദ്ദേശങ്ങൾ തള്ളിക്കളഞ്ഞ് സുപ്രസിദ്ധമായ *മാവേലിക്കര പടിയോല* എഴുതിയതോടെ ബന്ധം ഔദ്യോഗികമായി അവസാനിച്ചു.

മാവേലിക്കര സുന്നഹദോസിലെ പരാജയം മിഷനറിമാരുടെ വാശി വർദ്ധിപ്പിച്ചു. *ബുക്ക് ഓഫ് കോമൺ പ്രയേഴ്സ്* അടിച്ചേൽപ്പിക്കുന്നതിനു പകരം മലങ്കരസഭ ഉപയോഗിച്ചുവരുന്ന പാശ്ചാത്യ സുറിയാനി കുർബാന തക്സായിൽ പ്രൊട്ടസ്റ്റന്റു വിശ്വാസങ്ങൾക്കനുസരിച്ച തിരുത്തലുകൾ വരുത്തുക എന്ന തന്ത്രം അവർ സ്വീകരിച്ചു. ഇതിനായി പാലക്കുന്നത്ത് അബ്രഹാം മൽപ്പാൻ, എരുത്തിക്കൽ മർക്കോസ് കത്തനാർ, കൈതയിൽ ഗീവറുഗീസു കത്തനാർ, യൗസേഫ് കത്തനാർ എന്നീ നാലു പേരെ മിഷനറിമാർ നിയമിച്ചു.[106] എന്നാൽ മിഷനറിമാർ നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തിയതും പിൽക്കാലത്ത് *അരക്കുർബാന* എന്നു പരിഹാസപ്പേര് ലഭിച്ചതുമായ ഈ തക്സാ ഉപയോഗിക്കുവാൻ ഈ നാലിൽ മൂന്നു പട്ടക്കാരും വിസമ്മതിച്ചു.[107] 1837 കന്നി 13-നു ഈ തക്സാ ഉപയോഗിച്ച് പള്ളം പള്ളിയിൽ കുർബാന ചൊല്ലി.[108]

ഇപ്രകാരമുള്ള ഭേദഗതിയും അതിന്റെ ഉപയോഗവും ആരുടെ നിർദ്ദേശങ്ങൾ മാവേലിക്കര സുന്നഹദോസ് നിഷേധിച്ചുവോ ആ കൽക്കട്ടാ ബിഷപ്പ് വിത്സൻ മിഷനറിമാർക്കു നൽകിയ നിർദ്ദേശത്തിനു കടകവിരുദ്ധമായിരുന്നു.[109] ഈ തക്സാ ഉപയോഗിച്ച് അബ്രഹാം മൽപ്പാൻ സെമിനാരി ചാപ്പലിൽ കുർബാന അർപ്പിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്.[110] ഇതിനിടെ മല്ലപ്പള്ളി പള്ളിയിൽ നിന്നും പിണങ്ങിമാറിയ ഒരു കൂട്ടം ആളുകൾക്കായി മിഷനറിമാർ സ്വന്ത നിലയിൽ ഒരു പള്ളിയ്ക്ക് 1836 മാർച്ച് 9-നു കല്ലിട്ടു[111] പണിപൂർത്തിയാക്കി. ഈ പള്ളിയിൽ *അരകുർബാനയും* ആംഗ്ലിക്കൻ ക്രമവും മാറിമാറി ഉപയോഗിച്ചു വന്നു.[112]

ആംഗ്ലിക്കൻ സഹവാസത്തിന്റെ ഫലങ്ങൾ: *ബുക്ക് ഓഫ് കോമൺ പ്രയേഴ്സ്* പരിഭാഷപ്പെടുത്തി പ്രചരിപ്പിച്ചതു മൂലം മിഷനറിമാർ ഉദ്ദേശിച്ചതുപോലെ പ്രൊട്ടസ്റ്റന്റു വിശ്വാസം മലങ്കരയിൽ പ്രചരിച്ചില്ലെങ്കിലും മറ്റു ചില പ്രയോജനങ്ങൾ മലങ്കരസഭയ്ക്ക് ലഭിച്ചു. പാശ്ചാത്യ സുറിയാനി ക്രമത്തിൽ ഉള്ളതാണെങ്കിലും മലങ്കരയിൽ ലബ്ധ പ്രതിഷ്ഠ ലഭിക്കാതിരുന്ന വി. കുർബാനയിലെ വേദവായനകൾക്ക് പ്രചാരം ലഭിച്ചു എന്നതാണ് അവയിൽ ഒന്നാമത്തേത്. സങ്കീർത്തനങ്ങൾക്കും പ്രസംഗത്തിനും ആരാധനയിൽ സ്ഥാനം ലഭിച്ചു എന്നത് രണ്ടാമത്തേത്. മൂന്നാമതായി മിഷനറിമാരുടെ മാതൃക, ആരാധനക്രമങ്ങൾ മലയാളത്തിലാ

ക്കുന്നതിനു മലങ്കരസഭയ്ക്ക് പ്രചോദനമായി.[113] മൊത്തത്തിൽ നവീകരണ കോലാഹലം മലങ്കരയിൽ അന്നും പിടിവിടാതെ നിന്നിരുന്ന റോമൻ ആരാധനക്രമങ്ങളുടെ സ്വാധീനത്തിനു കുറവുണ്ടാക്കി.

ബ്രിട്ടീഷ് മിഷനറിമാരുടെ ആംഗ്ലിക്കൻ ആരാധനാക്രമ പ്രചാരണത്തിനും അബ്രഹാം മൽപ്പാന്റെ നവീകരണശ്രമങ്ങൾക്കും മറുമരുന്ന് എന്ന നിലയിൽ മലങ്കരസഭ പാശ്ചാത്യ സുറിയാനി ക്രമങ്ങളുടെ കാര്യത്തിൽ കൂടുതൽ തീവ്രവാദ നിലപാടെടുക്കാൻ നിർബന്ധിതമായി. പരദേശി മെത്രാൻ മാർ യൂയാക്കീം കൂറിലോസിന് ഈ നിലപാടെടുത്തതിൽ നിർണ്ണായക പങ്കുണ്ട്. പിന്നീട് 1876-ൽ വന്ന പത്രോസ് തൃതീയൻ പാത്രിയർക്കീസിന് പാശ്ചാത്യ സുറിയാനി ക്രമങ്ങളൊഴികെയുള്ളവയെ നിർമാർജനം ചെയ്യുന്നതിന് ഈ നിലപാട് സഹായകമായി.

ഭാഗ്യവശാൽ ഇത്തരം ധ്രുവീകരണത്തിൽ സാധാരണ സംഭവിക്കുന്ന (ലോകത്തിനു നേരെ വാതിൽ കൊട്ടിയടക്കുക) എന്ന ദൗർഭാഗ്യം മലങ്കരസഭയ്ക്കുണ്ടായില്ല. ഇതിനുത്തരവാദി പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമനാണ്. 1836-ലെ *മാവേലിക്കര പടിയോലയെ* തുടർന്ന് മിഷനറിമാരും മലങ്കരസഭയും തമ്മിലുള്ള വിടവ് പൂർണമാവുകയും മിഷനറിമാർക്ക് മലങ്കരസഭയുടെ പള്ളികളിൽ പ്രസംഗിക്കാനുള്ള അനുവാദം ചേപ്പാട്ട് മാർ ദീവന്നാസ്യോസ് പിൻവലിക്കുകയും ചെയ്തു. അതോടെ മിഷനറിമാർ സ്വന്തമായി പള്ളികൾ വെയ്ക്കാൻ ആരംഭിച്ചു.

നവീകരണ യുഗം: സഭയെ മൊത്തത്തിൽ പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിലാക്കാനുള്ള ശ്രമം പരാജയപ്പെട്ടതോടെ ഭഗ്നാശനായ പാലക്കുന്നത്ത് അബ്രഹാം മല്പാൻ തന്റെ ഇടവകയായ മാരാമണ്ണു പള്ളിയിൽ നവീകരണം ഏകപക്ഷീയമായി നടപ്പാക്കി. കൊ.വ. 1012 കന്നി 18-നു ആയിരുന്നു ഈ സംഭവം.[114] മാരാമണ്ണു ഇടവകക്കാർ ഇതിനെ അനുകൂലിച്ചു. തുടർന്ന് മാരാമണ്ണുകാരെ മലങ്കര മെത്രാപ്പോലീത്താ മുടക്കി. മാരാമണ്ണുകാർക്ക് മറ്റെവിടെയും *തീ പോലും ലഭിക്കാത്ത* സ്ഥിതി ഉണ്ടായി എന്നതാണ്[115] ആ നവീകരണത്തിന്റെ ആത്യന്തികഫലം. പരിഷ്കരിച്ച തക്സാ ഉപയോഗിച്ച് മാരാമണ്ണു പള്ളിയിൽ ആദ്യം കുർബാന ചൊല്ലിയത് 1012 ചിങ്ങം 15-നു ആണെന്നും കാണുന്നുണ്ട്.[116]

പാലക്കുന്നത്തു മല്പാൻ തിരുത്തിയ തക്സാ നിലവിലില്ല.[117] മല്പാന്റെ പരിഷ്കാരങ്ങളുടെ യഥാർത്ഥസ്ഥിതി അറിയാൻ ഇന്നു മാർഗ്ഗമില്ല. അദ്ദേഹത്തിന്റെ കാലശേഷം അനേകം പ്രാവശ്യം ഈ തക്സായിൽ നവീകരണക്കാർ മാറ്റംവരുത്തിയിട്ടുണ്ട്.[118] മൽപ്പാൻ വരുത്തിയതായി പറയുന്ന പരിഷ്കാരങ്ങളിൽ പലതും പിൽക്കാലത്ത് അദ്ദേഹത്തിന്റെ പിൻഗാമികൾ കൂട്ടിച്ചേർത്തതാണെന്നും പറയുന്നുണ്ട്. പൊതു

വിൽ മല്പാന്റേതായി അംഗീകരിച്ചിരിക്കുന്ന ഭേദഗതികൾ താഴെ പറയുന്നവയാണ്.

1) പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ എല്ലാം നീക്കിക്കളഞ്ഞു.

2) മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനകൾ മുഴുവൻ നീക്കി.

3) കുർബാന, ബലി ആണെന്നുള്ള വിശ്വാസം പ്രകടിപ്പിക്കുന്ന ഭാഗങ്ങൾ നീക്കി.

4) കുർബാന രണ്ടായിട്ടു കൊടുക്കണമെന്നു തീരുമാനിച്ചു.

5) രഹസ്യ കുമ്പസാരം നിർത്തലാക്കി.

6) കൈക്കൊള്ളാൻ ആളില്ലാത്തപ്പോൾ കുർബാന ചൊല്ലുന്ന രീതി നിർത്തലാക്കി.[119]

തന്റെ കാലശേഷം മാരാമണ്ണു ഇടവകയ്ക്ക് പട്ടത്വ പിന്തുടർച്ച ഉറപ്പാക്കാനായി അബ്രഹാം മൽപ്പാൻ സഹോദരപുത്രനായ മാത്യൂസ് ശെമ്മാശനെ ശീമയിലേക്കയച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും മേൽപ്പട്ടം സ്വീകരിച്ചു മാർ മാത്യൂസ് അത്താനാസ്യോസ് 1843-ൽ മടങ്ങി എത്തി.[120]

അബ്രഹാം മൽപ്പാന്റെ പ്രതീക്ഷയ്ക്കു വിരുദ്ധമായി മാർ മാത്യൂസ് അത്താനാസ്യോസ് നവീകരണ തക്സായ്ക്കു പകരം യഥാർത്ഥ കുർബാന തക്സായും പള്ളിക്രമങ്ങളും ഉപയോഗിക്കുകയും മാരാമണ്ണിന്റെ മെത്രാൻ സ്ഥാനത്തിനു പകരം മലങ്കര മെത്രാൻ സ്ഥാനത്തിനു തന്നെ ശ്രമിച്ചു തുടങ്ങുകയും ചെയ്തു. ഇതു മല്പാനു ഒരു തിരിച്ചടിയായി.[121] ചേപ്പാട്ടു മാർ ദീവന്നാസ്യോസ് സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് കൊ.വ. 1027 കർക്കിടകം 15-നു മാർ മാത്യൂസ് അത്താനാസ്യോസിനു മലങ്കര മെത്രാനായി തിരുവെഴുത്തു വിളംബരം ലഭിച്ചു. പള്ളിക്രമങ്ങൾ ഭേദഗതി ചെയ്യുകയില്ല എന്നു ഉറപ്പു ലഭിച്ചതിനു ശേഷമാണ് തിരുവെഴുത്തു വിളംബരം നൽകിയത് എന്ന് ചില സൂചനകളുണ്ട്.[122] മാർ മാത്യൂസ് അത്താനാസ്യോസ് തന്റെ ജീവിതകാലത്തൊരിക്കലും നവീകരിച്ച ക്രമങ്ങൾ ഉപയോഗിച്ചില്ല എന്നും പറയുന്നുണ്ട്.[123]

അച്ചടി-പരിഭാഷാ യുഗം: ഈ കാലഘട്ടത്തിലാണ് മലങ്കരയിൽ ആദ്യമായി ആരാധനാക്രമങ്ങൾ അച്ചടിക്കപ്പെട്ടത്. 1861-ൽ ഇടവഴിക്കൽ പീലിപ്പോസു കോറെപ്പിസ്ക്കോപ്പാ കല്ലച്ചിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ച സുറിയാനി ശ്ഹീമോ നമസ്കാരം ഇവയിൽ ഒന്നാണ്.[124]

മാർ മാത്യൂസ് അത്താനാസ്യോസിനു മലങ്കര മെത്രാൻ സ്ഥാനം ഉറച്ചതിനു ശേഷമാണ് സുറിയാനിക്രമങ്ങളുടെ പരിഭാഷ ഊർജ്ജിതമായി സഭയിൽ ആരംഭിച്ചത്. ഇക്കാര്യത്തിൽ പിന്നീട് രണ്ടു കക്ഷികളും പരസ്പരം മത്സരിച്ചു. നവീകരണത്തിന്റെ ഒരു ലക്ഷണമായി പരിഭാഷയെ പൊതുവെ കണക്കാക്കിയിരുന്നെങ്കിലും മലയാളക്രമങ്ങളോട് വളർന്നുവരുന്ന ആഭിമുഖ്യം കണ്ടില്ലെന്നു നടിക്കാൻ യാഥാസ്ഥിതിക പക്ഷത്തിനും സാധിച്ചില്ല. മലയാള പരിഭാഷയിൽ പുസ്തകങ്ങൾ പ്രചരിക്കുന്നതിനു മുമ്പുതന്നെ സുറിയാനി പുസ്തകത്തിൽ നോക്കി *ഉടനുടൻ പരിഭാഷ* എന്ന രീതി പ്രചാരത്തിലായി.

കൊ.വ. 1031-ൽ (1856) കോട്ടയം സുറിയാനി സെമിനാരി പ്രസിൽ ഒരു പ്രാർത്ഥന പുസ്തകം അച്ചടിച്ചു പ്രസിദ്ധീകരിച്ചതായി കാണുന്നുണ്ട്.[125] ഈ പുസ്തകത്തിൽ *കൃപ നിറഞ്ഞ മറിയമേ...* എന്ന പ്രാർത്ഥന ഇല്ലായിരുന്നത്രേ. ഈ പുസ്തകം മലയാളത്തിലാണെങ്കിൽ അതായിരിക്കണം മലങ്കരസഭയിലെ മലയാളത്തിൽ അച്ചടിക്കപ്പെട്ട ആദ്യ പ്രാർത്ഥനാ പുസ്തകം.

ഈ പുസ്തകത്തിനു ബദലായി പ്രസിദ്ധപ്പെടുത്തി എന്നു പറയുന്ന 1859-ൽ അച്ചടിക്കപ്പെട്ട നമസ്ക്കാരക്രമമാണ് ലഭ്യമായ ഏറ്റവും പഴയ മലയാളം പ്രാർത്ഥനാ പുസ്തകം. *സ്തുതിചൊവ്വാകപ്പെട്ട സുറിയാനി ക്രിസ്ത്യാനിക്കാരുടെ നമസ്കാരക്രമങ്ങൾ സുറിയാനിയിൽ നിന്നും പരിഭാഷപ്പെടുത്തിയത* എന്നാണ് ഈ പുസ്തകത്തിന്റെ തലക്കെട്ട്. *ഇത് മ. രാ. രാ. ചതുരങ്ക പട്ടണം കാളഹസ്തിയപ്പ മുതലിയാര അവർകളുടെ മകൻ കോഴിക്കോട് സിവിൽ സെഷൻ കോടതി ശിരസ്തദാർ അരുണാചല മുതലിയാരുടെ വിദ്യാവിലാസ അച്ചുക്കൂട്ടത്തിൽ അച്ചടിക്കപ്പെട്ടു (1859-ാം വർഷം മാർച്ച് മാസം) പ്രന്റർ യശായ* എന്ന പ്രസിദ്ധീകരണ വിവരണവും ഒന്നാം പേജിൽ കാണുന്നുണ്ട്.

41 പേജുള്ള ഈ പ്രാർത്ഥനക്രമത്തിൽ താഴെ പറയുന്ന സംഗതികൾ അടങ്ങിയിരിക്കുന്നു.[126]

1) നമസ്കാരത്തെക്കുറിച്ചുള്ള കാനോൻ.
2) സന്ധ്യയുടെ നമസ്കാരം.
3) ശയന നമസ്കാരം.
4) പാതിരാത്രിയുടെ നമസ്കാരം.
5) പ്രഭാത നമസ്കാരം.
6) ഏഴരയുടെ നമസ്കാരം.
7) ഉച്ചയുടെ നമസ്കാരം.
8) ഇരുപത്തിരണ്ടരയുടെ നമസ്കാരം.

9) പള്ളിയകത്തു പ്രവേശിക്കുമ്പോൾ.
10) കുമ്പസാരത്തെക്കുറിച്ച്.
11) പ്രമാണങ്ങൾ (10 കല്പനകൾ).
12) കുർബാനക്രമം.
13) മസുമൂറ.
14) ഇശൈനുഹാറാ.
15) പള്ളിതാമക്കളെ എന്ന അപേക്ഷ.
16) ദൈവമേ അനുഗ്രഹിക്ക.
17) അനുതാപത്തിന്റെ അപേക്ഷ.
18) മെമ്ര.
19) പീലക്സീനോസു ബാവായുടെ പ്രാർത്ഥന.
20) കുമ്പസാരത്തെക്കുറിച്ച് വീണ്ടും.
21) നോമ്പിൽ ഉച്ചയുടെ.
22) ഓശാന കഴിഞ്ഞു ചൊല്ലേണ്ട കൗമ്മാ.
23) ഭക്ഷണ നമസ്കാരങ്ങൾ.
24) നമസ്കാരം കഴിഞ്ഞു ചൊല്ലേണ്ടുന്ന അപേക്ഷ.

ഈ നമസ്കാര പുസ്തകം ശീമക്കാരൻ യൂയാക്കീം മാർ കൂറിലോസിന്റെ കല്പനപ്രകാരം പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ (പിന്നീട് ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ) അച്ചടിപ്പിച്ചതായി ആണു വിശ്വസിക്കപ്പെടുന്നത്.[127] ഈ നമസ്ക്കാര ക്രമത്തിൽ ഉൾപ്പെട്ട കുർബാന ക്രമത്തിൽ ജനങ്ങൾ ചൊല്ലേണ്ട ഭാഗങ്ങൾ മാത്രമേ ഉള്ളു. പട്ടക്കാരനോ, ശുശ്രൂഷകനോ ചൊല്ലേണ്ട ഭാഗങ്ങൾ ഇല്ല. ഗീതങ്ങളും ഇല്ല.

അടുത്തതായി കാണുന്ന അച്ചടിച്ച മലയാളം കുർബാനക്രമം 1869-ൽ കൊച്ചിയിൽ നിന്നും ജോസഫ് കത്തനാർ പ്രസിദ്ധീകരിച്ചതാണ്. *സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനിക്കാരുടെ കുറുബാനക്രമത്തിന്റെ തർജ്ജമ* എന്നാണ് വെസ്റ്റേൺ സ്റ്റാർ ഓഫീസിൽ അച്ചടിച്ച ഈ പുസ്തകത്തിന്റെ പേര്. 1869 സെപ്റ്റംബർ 15 എന്ന് തീയതി വെച്ച ഇതിന്റെ മുഖവുരയിൽ നിന്നും മനസിലാകുന്ന ശ്രദ്ധേയമായ ചില വസ്തുതകളുണ്ട്. അവ.

1) പള്ളികളിൽ കുർബാനക്രമം പരിഭാഷപ്പെടുത്തി ചൊല്ലുന്ന പതിവുണ്ട്.

2) അപ്രകാരം ചൊല്ലുന്നതിൽ ഐകരൂപ്യം ഇല്ലാത്തതിനാലാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

3) കുർബാന തക്സാ പൂർണമായി പരിഭാഷപ്പെടുത്തിയിട്ടില്ല.

4) പരിഭാഷപ്പെടുത്തിയാൽ ലയം മാറുന്ന ഏതാനും സുറിയാനി ഗീതങ്ങൾ മലയാള ലിപിയിൽ ചേർത്തിട്ടുണ്ട്.[128]

അന്ന് കുർബാന തക്സാ മലയാളത്തിലേയ്ക്ക് തർജമ ചെയ്തിട്ടില്ല എന്ന് ഈ മുഖവുരയിൽ നിന്നും തെളിയുന്നു. 1031-ലെ മാർ മാത്യൂസ് അത്താനാസ്യോസിന്റെയോ 1859-ലെ ഇട്ടൂപ്പ് കത്തനാരുടെയോ കുർബാനക്രമങ്ങളെപ്പറ്റി യാതൊരു സൂചനയും ഈ മുഖവുരയിലില്ല.

ആരാണീ ജോസഫ് കത്തനാർ? 1852-ൽ മാർ അത്താനാസ്യോസിനു സെമിനാരി കൈവശം കിട്ടിയശേഷം തന്റെ മാതുലപുത്രനും അബ്രഹാം മല്പാന്റെ ശിഷ്യനുമായ ഉലശേരിൽ ജോസഫ് കത്തനാരെ അവിടെ മല്പാനായി നിയമിച്ചു.[129] ഈ കുർബാനക്രമത്തിന്റെ കർത്താവ് ഇദ്ദേഹമാകാനാണ് സാദ്ധ്യത. ഇതിൽ പലയിടത്തും അത്ര പ്രകടമല്ലാതെ കാണുന്ന നവീകരണ തിരുത്തലുകൾ ഈ സാദ്ധ്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. അങ്ങനെയെങ്കിൽ ഈ പുസ്തകത്തിൽ 1859-ലെ ഇട്ടൂപ്പ് കത്തനാരുടെ കുർബാനക്രമത്തെക്കുറിച്ചുള്ള നിശബ്ദത അതു പ്രതിപക്ഷന്റേത് ആയതിനാൽ ആണെന്നു കരുതാം. എന്നാൽ കൊ.വ. 1031-ലെ മാർ അത്താനാസ്യോസിന്റെ കുർബാനക്രമത്തെപ്പറ്റിയുള്ള നിശബ്ദത ദുരൂഹമായിരിക്കുന്നു.

ലേഖകന്റെ അനുമാനത്തിൽ 1031-ലെ നമസ്ക്കാരക്രമത്തെപ്പറ്റിയുള്ള പരാമർശത്തിൽ എന്തോ ഒരു ദുരൂഹത ഉണ്ട്. ഒന്നുകിൽ ആ കൃതി, മാർ അത്താനാസ്യോസിനെ നവീകരണ പക്ഷപാതിയാക്കാൻ പിൽക്കാലത്ത് കെട്ടിച്ചമച്ചതാണ്. അല്ലെങ്കിൽ ആ കൃതി സുറിയാനിയിൽ തന്നെയാണ്. അതുമല്ലെങ്കിൽ അപ്രകാരം ഒരു കൃതി നിലവിലില്ല.

1869-ലെ കുർബാനക്രമത്തിൽ ശുശ്രൂഷകൻ ചൊല്ലേണ്ട ഭാഗങ്ങൾ കൂടി പരിഭാഷ ചെയ്തു ചേർത്തിട്ടുണ്ട്. മുഖവുരയിൽ സൂചിപ്പിച്ച മലയാള ലിപിയിലുള്ള സുറിയാനി ഗീതങ്ങൾ കൂടാതെ, ഏവൻഗേലിയോനു ശേഷം ചൊല്ലാനായി രണ്ടു മലയാള ഗീതങ്ങൾ ചേർത്തിട്ടുണ്ട് (പേജ് 21). ഈ പാട്ടുകൾ യഥാർത്ഥ തക്സായിൽ ഇല്ലാത്തതും മാർത്തോമ്മാ സഭയുടെ തക്സായിൽ ഉള്ളതുമാണ്.[130] കൂടാതെ തൂയോബായുടെ പ്രുമിയോൻ - സെദ്റാകളും മലയാളത്തിൽ ചേർത്തിട്ടുണ്ട്.

ഇതിനിടെ മാർ അത്താനാസ്യോസിനോട് പല കാരണങ്ങളാൽ എതിർത്തു നിന്നിരുന്നവർ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരെ ഡയർബക്കറിലയച്ചു. അദ്ദേഹം അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും മാർ ജോസഫ് ദീവന്നാസ്യോസ് എന്ന പേരിൽ മേല്പട്ടസ്ഥാനം സ്വീകരിച്ച് 1865-ൽ മടങ്ങിയെത്തി മലങ്കര മെത്രാൻ സ്ഥാനത്തിനു അവകാശവാദം ഉന്നയിച്ചു.

തക്സാ പരിഭാഷ: ഈ കാലത്തൊക്കെയും തക്സാ സുറിയാനി യിൽ തന്നെ തുടരുകയായിരുന്നു. ആദ്യമായി ഒരു തക്സാ പരിഭാഷ പുറത്തു വന്നത് 1872-ലാണ്.[131] കോട്ടയത്ത് മിഷൻ പ്രസിൽ *യാക്കോബു ശ്ലീഹായുടെ കുറുബാനക്രമം* എന്ന പേരിൽ അച്ചടിച്ച ഈ കൃതി പിൽ ക്കാലത്ത് അബ്രഹാം മല്പാൻ ഭേദഗതി വരുത്തിയ തക്സായുടെ പരി ഭാഷ എന്ന് നവീകരണക്കാർ കൊട്ടിഘോഷിക്കയുണ്ടായി. ഇതിന്റെ കർത്തൃത്വം കോവൂർ ഐപ്പ് തോമാ കത്തനാരിൽ നിക്ഷേപിക്കുകയും ചെയ്തു. എന്നാൽ യഥാർത്ഥത്തിൽ ഈ കൃതി, ഹെൻറി ബേക്കർ എന്ന മിഷനറിയുടെ സൃഷ്ടിയാണ്.[132] സി.എം.എസ്. മിഷനറിയുടെ സൃഷ്ടി യായിട്ടും പ്രൊട്ടസ്റ്റന്റു പരിഷ്ക്കാരങ്ങൾ (നോട്ടക്കുറവു മൂലമാകാം) പൂർ ണമായും വരുത്താൻ ഈ കൃതിയിലും കഴിഞ്ഞില്ല.

കുർബാനക്രമ യുദ്ധം: ഇതിനിടയിൽ പോക്കറ്റ് ബുക്ക് സൈസിൽ ഒരു കുർബാനക്രമം മലയാളത്തിൽ പ്രസിദ്ധപ്പെടുത്തി തുടങ്ങി. *കുറു ബാനക്രമം സുറിയാനിയിൽ നിന്നും പരിഭാഷപ്പെടുത്തിയത് കോട്ടയത്തെ സെമിനാരിയിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അച്ചു കൂടത്തിൽ അച്ചടിക്കപ്പെട്ടത* എന്ന പുറംചട്ടയിൽ രേഖപ്പെടുത്തിയിരി യ്ക്കുന്ന 1875-ൽ പ്രസിദ്ധീകരിച്ച അഞ്ചാം പതിപ്പ് ഏതാണ്ട് പൂർണ മായും ഒരു നവീകരണ കൃതിയാണ്. ജനങ്ങൾ ചൊല്ലേണ്ടുന്ന ഭാഗങ്ങൾ മാത്രമുള്ളതും 43 പേജു മാത്രം ഉള്ളതുമായ ഈ പുസ്തകത്തിൽ കുമ്പ സാരക്രമവും ഏഴരയുടെ നമസ്കാരവും ചേർത്തിട്ടുണ്ട്. *കൃപ നിറഞ്ഞ മറിയമേ...* എന്ന പ്രാർത്ഥന ഒഴിവാക്കുകയും കുർബാനക്രമത്തിൽ നവീ കരണ തിരുത്തലുകൾ വരുത്തുകയും ചെയ്തിട്ടുമുണ്ട്.[133]

ഈ ചെറു പുസ്തകം പ്രചുരപ്രചാരം നേടിയിരുന്നു എന്നത് നിസ്ത ർക്കമായ സംഗതിയാണ്. അതിന്റെ ഏറ്റവും വലിയ തെളിവ് പുലിക്കോ ട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ 1809-ൽ കോട്ടയം സെമിനാരി യിലെ മാർത്തോമ്മാ അച്ചുകൂടത്തിൽ നിന്നും പ്രസിദ്ധീകരിച്ച കുർബാ നക്രമം തന്നെയാണ്. ഈ കുർബാനക്രമത്തിന്റെ മുഖവുരയിൽ മുൻ കൃതിയെപ്പറ്റി സൂചിപ്പിച്ചശേഷം *ജനം പഴയ പുസ്തകപ്രകാരം അഭ്യ സിച്ചിട്ടുള്ളത് നിഷ്പ്രയോജനമായി തീരാതെ ഇരിക്കാൻ വേണ്ടി അതിൽ തെറ്റായ ഭാഗങ്ങൾ മാത്രമെ പരിഷ്കരിക്കുകയും ഭേദപ്പെടുത്തുകയും ചെയ്തിട്ടുള്ളു*[134] എന്നു പറയുന്നത്, മുൻ കൃതിയുടെ സ്വാധീനത്തിന്റെ പ്രകടമല്ലാത്ത അംഗീകാരമാണ്.

1890-ലെ കുർബാനക്രമം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാ മന്റെ നയതന്ത്രജ്ഞതയുടെ ഉത്തമ ഉദാഹരണമാണ്. മാർ അത്താനാ സ്യോസിന്റെ കുർബാനക്രമത്തിന്റെ സ്വാധീനം മനസിലാക്കിയ അദ്ദേഹം അതേ രൂപത്തിലും വലിപ്പത്തിലും, എന്തിന് പുറംചട്ടയുടെ രൂപരേഖ

യിൽ പോലും മാറ്റമില്ലാതെയാണ് തന്റെ കൃതി പ്രസിദ്ധീകരിച്ചത്. ഉള്ളടക്കത്തിന്റെ ശൈലിയിൽ നവീകരണക്കാരുടെ തിരുത്തലുകൾ ഭേദപ്പെടുത്തിയതല്ലാതെ മറ്റു മാറ്റങ്ങൾ ഒന്നും വരുത്തിയിട്ടില്ല. മലങ്കരസഭ ഇന്നു പയോഗിക്കുന്ന കുർബാനക്രമവുമായി, ഗദ്യത്തിലാണെന്നതും, ഭാഷാശൈലിയിലുള്ള വ്യത്യാസവുമൊഴികെ, മറ്റു കാര്യങ്ങളിൽ പൂർണ്ണമായും യോജിക്കുന്നുണ്ട്. ഏഴരയുടെ നമസ്കാരം ചേർത്തിട്ടുണ്ടെങ്കിലും 1875-ലെ മാർ അത്താനാസ്യോസിന്റെ കുർബാനക്രമത്തിലുള്ള കുമ്പസാരക്രമം ഒഴിവാക്കിയിട്ടുണ്ട്.

മാർത്തോമ്മാ അച്ചുകൂടം: 1870-ൽ മാർ ദീവന്നാസ്യോസ് കൊച്ചിയിൽ ആരംഭിച്ച സെന്റ് തോമസ് അച്ചുകൂടമാണ് 1889-ൽ *മാർത്തോമ്മാ അച്ചുകൂടമാ*യി സെമിനാരിയിലേയ്ക്കു മാറ്റിസ്ഥാപിച്ചത്. ഇവിടെനിന്നും 1875-ൽ പാലപ്പള്ളിൽ ഏബ്രഹാം കത്തനാർ സുറിയാനി കുർബാനക്രമം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി.[135] പിന്നീട് 1891-ൽ ഇതേ പ്രസിൽ നിന്നും നിത്യപ്രാർത്ഥനക്രമവും, കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരവും മലയാളത്തിൽ പ്രസിദ്ധപ്പെടുത്തി.

1877-ൽ പാമ്പാക്കുടയിൽ കോനാട്ടു മല്പാന്മാർ പിൽക്കാലത്ത് *മാർ യൂലിയോസ് പ്രസ്* എന്നറിയപ്പെട്ട *കേരളദീപം* പ്രസ് സ്ഥാപിച്ചു. അവിടെ നിന്നും ഏതാണ്ട് എല്ലാ സുറിയാനി ആരാധനക്രമങ്ങളും പിൽക്കാലത്ത് പ്രസിദ്ധീകരിച്ചു.

1889-ൽ നവീകരണക്കാരുമായുള്ള വ്യവഹാരം അവസാനിച്ച് സെമിനാരി കൈവശം കിട്ടിയതിനെ തുടർന്നുള്ള ഒരു ദശവർഷക്കാലം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ പരിപോഷണത്തിൽ ധാരാളം ആരാധനക്രമങ്ങൾ തർജ്ജമ ചെയ്യപ്പെട്ടു. 1876-ൽ മലങ്കര സന്ദർശിച്ച അന്ത്യോഖ്യയുടെ പത്രോസ് തൃതീയൻ പാത്രിയർക്കീസ് സുറിയാനി രാഗത്തിൽ തന്നെ ഗീതങ്ങളായി തർജ്ജമ ചെയ്യുന്നതിനെ അംഗീകരിച്ചത്[136] ഇതിനു പ്രോൽസാഹനവുമായി. 1894 ആയപ്പോഴേയ്ക്കും താഴെപറയുന്ന പുസ്തകങ്ങൾ മാർത്തോമ്മാ അച്ചുകൂടത്തിൽ വിൽപ്പനയ്ക്കു തയാറായിരുന്നു.

1) മുഴുവൻ നമസ്കാരക്രമം.
2) നിത്യനമസ്ക്കാരം.
3) നോമ്പിന്റെ നമസ്ക്കാരം.
4) ചെറിയ നമസ്ക്കാരക്രമം (പോക്കറ്റ് ബുക്ക്).[137]

കുർബാനക്രമ തർജ്ജമ: ഈ ഉണർവിന്റെ ദശാബ്ദത്തിന്റെ അന്ത്യം മലങ്കരസഭയുടെ ആരാധനക്രമങ്ങളുടെ ആധുനിക യുഗത്തിനു ആരംഭം കുറിക്കുകയായിരുന്നു. പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് പരിഭാഷ ആരംഭിച്ച ക്യംതാ നമസ്കാരവും കുർബാനക്രമവും മലങ്കര

മല്പാന്മാരായ വട്ടശ്ശേരിൽ ഗീവറുഗീസു കത്തനാരും കോനാട്ടു മാത്തൻ കത്തനാരും ചേർന്ന് പൂർത്തിയാക്കി 1902-ൽ പ്രസിദ്ധീകരിച്ചു. പദ്യഭാഗങ്ങൾ സുറിയാനി രാഗത്തിൽ തന്നെ പുനർസൃഷ്ടിക്കുവാൻ കണ്ടത്തിൽ വർഗീസു മാപ്പിളയും കൊട്ടാരത്തിൽ ശങ്കുണ്ണിയും സഹായിച്ച ഈ കൃതി, ഇന്നും മലങ്കരയിൽ ഉപയോഗിക്കുന്നു എന്നതു തന്നെ അതിന്റെ വൈശിഷ്ട്യത്തിനു തെളിവാണ്.

പാശ്ചാത്യ സുറിയാനി ക്രമങ്ങളെ മലങ്കരസഭ ഔദ്യോഗികമായി അംഗീകരിച്ച് മുക്കാൽ നൂറ്റാണ്ടു കഴിഞ്ഞിട്ടും ആ ക്രമങ്ങൾ പൂർണമായും മലങ്കരയിൽ നടപ്പിലായില്ല. പ്രചാരത്തിലായവ തന്നെ വിവിധ സ്ഥലങ്ങളിൽ വിവിധ രൂപത്തിലായിരുന്നു. പത്രോസ് പാത്രിയർക്കീസ് വന്ന സമയത്തും ഇത് ഇപ്രകാരം ഏകീകരണമില്ലാതെ ആയിരുന്നു എന്നതിന് അദ്ദേഹം 1887 മകരം 15-നു കൊച്ചിക്കോട്ടപ്പള്ളിയിൽ നിന്നും അയച്ച കൽപ്പന തെളിവാണ്. ഇതേ കൽപ്പന തന്നെ അന്നും മലങ്കരയിൽ കൽദായ - റോമൻ ആചാരങ്ങളും ക്രമങ്ങളും നിലനിന്നിരുന്നു എന്ന് സാക്ഷിക്കുന്നു.[138]

പാശ്ചാത്യ സുറിയാനി ക്രമങ്ങൾ മലങ്കരയിൽ ഉറച്ചത് തർജ്ജമകളും അച്ചടി ഗ്രന്ഥങ്ങളും മൂലമാണ്. എങ്കിലും സാക്ഷാൽ കുർബാന തക്സാ മലയാളത്തിൽ ലഭ്യമാകുവാൻ 1920 വരെ കാത്തിരിക്കേണ്ടി വന്നു. ആ വർഷമാണ് മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശനും പുലിക്കോട്ടിൽ ജോസഫ് ശെമ്മാശനും ചേർന്ന് വി. യാക്കോബിന്റെ തക്സാ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചത്.

പാമ്പാക്കുട നമസ്ക്കാരം: അച്ചടിച്ച ആരാധനക്രമങ്ങളെ ജനകീയവൽക്കരിച്ചതിൽ *പാമ്പാക്കുട നമസ്ക്കാരം* എന്ന പേരിൽ പൊതുവെ അറിയപ്പെടുന്ന നിത്യപ്രാർത്ഥനക്രമത്തിന്റെ പങ്ക് നിസാരമല്ല. 1910-ൽ മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോർഎപ്പിസ്ക്കോപ്പാ പ്രസിദ്ധീകരിച്ച ഈ കൃതി അന്നും ഇന്നും മലങ്കരസഭയിൽ ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്ന പ്രാർത്ഥനാ പുസ്തകങ്ങളിലൊന്നാണ്.

ഉപസംഹാരം: മലങ്കരസഭയുടെ ആരാധനാപാരമ്പര്യം മാർത്തോമ്മാ ശ്ലീഹായിൽ തുടങ്ങി, കൽദായ, ലത്തീൻ പാരമ്പര്യത്തിലൂടെയും ആംഗ്ലിക്കൻ സ്വാധീനത്തിലൂടെയും കടന്ന് പാശ്ചാത്യ സുറിയാനിയിലെത്തി നിൽക്കുകയാണിന്ന്. തങ്ങളുടെ ജീവനോപാധിയായ കച്ചവടത്തിന്റെ വ്യവഹാര ഭാഷ എന്ന നിലയിൽ ആദിമ നൂറ്റാണ്ടുകളിൽ സുറിയാനിയോടുണ്ടായിരുന്ന ആഭിമുഖ്യമാണ് സുറിയാനി ആരാധനാ പാരമ്പര്യങ്ങളിൽ നസ്രാണികളെ ഉറപ്പിച്ചു നിർത്തിയ പ്രധാന ഘടകം. സുറിയാനി ആരാധനാ പാരമ്പര്യങ്ങളെ ഒഴിവാക്കാനോ തിരുത്താനോ നട

ത്തിയ ശ്രമങ്ങളെല്ലാം രൂക്ഷമായ ചെറുത്തുനിൽപ്പിനും ആത്യന്തികമായി പിളർപ്പിനും കാരണമായിട്ടുമുണ്ട്.

മലങ്കരസഭയുടെ ആരാധനാ പാരമ്പര്യത്തിലെ പാശ്ചാത്യ കൈ കടത്തലുകൾ നഷ്ടമാക്കിയ ഒന്നുണ്ട്. അവയുടെ ഓർത്തഡോക്സ് ദേശീയത. ഉദയംപേരൂർ മുതൽ പത്രോസ് പാത്രിയർക്കീസ് വരെയുള്ളവരുടെ ശ്രമം അവയെ ഉന്മൂലനം ചെയ്ത് തങ്ങളുടെ പ്രാദേശിക പാരമ്പര്യങ്ങളെ തൽസ്ഥാനത്തു പ്രതിഷ്ഠിക്കുക എന്നതായിരുന്നു. റോമ്മാസഭയും ആംഗ്ലിക്കൻ സ്വാധീനവും തുടർന്നുവന്ന പാശ്ചാത്യ സുറിയാനി പാരമ്പര്യവും ഈ വിധ്വംസന പ്രവർത്തിയിൽ തുല്യ പങ്കാളികളാണ്. ഇവരുടെ കൂട്ടായ ശ്രമം മൂലം എണ്ണവിളക്കൊഴികെ മറ്റെല്ലാ ദേശീയാംശങ്ങളും പള്ളിക്കുള്ളിൽ നിന്നും തുടച്ച് നീക്കപ്പെട്ടു.

എന്നാൽ മലങ്കരസഭയുടെ ദേശീയ പാരമ്പര്യങ്ങളോട് ഏറ്റവും ക്രൂരത കാട്ടിയത് പ്രൊട്ടസ്റ്റന്റ് വിശ്വാസമാണെന്ന് പറയാതെ വയ്യ. 1836-ലെ മാവേലിക്കര പടിയോലയും 1889-ലെ റോയൽക്കോടതി വിധിയും അവരുടെ പ്രവർത്തനങ്ങളെ സഭയിൽ നിന്നു പുറത്താക്കി എങ്കിലും ആശയപരമായി അത് ഇന്നും മലങ്കരസഭയെ കാർന്നുതിന്നുകയാണ്. പള്ളിക്കു വെളിയിൽ അവശേഷിച്ച നസ്രാണി ദേശീയതയേയും *പാഷാണ്ഡത* എന്ന നിലയിൽ തുടച്ചുനീക്കാനുള്ള ശ്രമം സഭയ്ക്കുള്ളിലെ ചില കേന്ദ്രങ്ങളിൽ നിന്നും നടക്കുന്നത് ഇതിന്റെ പ്രത്യക്ഷ തെളിവാണ്.

ലോകത്തെങ്ങുമുള്ള ക്രൈസ്തവ സഭകൾ (പ്രത്യേകിച്ചും ഓർത്തഡോക്സ് സഭകൾ) ദേശീയാംശങ്ങളെയും പ്രാദേശിക മത പാരമ്പര്യങ്ങളെയും ക്രൈസ്തവവൽക്കരിച്ചാണ് തങ്ങളുടെ വ്യക്തിത്വം രൂപപ്പെടുത്തിയത്. ലോകമെങ്ങും ഓർത്തഡോക്സിയുടെ മുഖമുദ്ര തന്നെ ഈ ദേശീയ പ്രതിഛായയാണ്. ഈ പശ്ചാത്തലത്തിൽ അപ്പോസ്തോലിക പാരമ്പര്യമുള്ള ഒരു ഓർത്തഡോക്സ് സഭയുടെ വ്യക്തിത്വവും ദേശീയ തനിമയും ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ തടയേണ്ട ബാധ്യത സഭ മുഴുവന്റേയുമാണ്. അല്ലാത്തപക്ഷം രണ്ടു സഹസ്രാബ്ദക്കാലം നിലനിന്ന ഈ ചെറിയ സഭ സ്വന്തം ജന്മനാട്ടിൽ അന്യവൽക്കരിക്കപ്പെടുകയും വിദേശ മതം എന്ന് മുദ്ര കുത്തപ്പെടുകയും ചെയ്യും.

Bibliography

1. മാത്യൂസ് കത്തനാർ, വല്യപാറേട്ട്, *മാർത്തോമ്മാ ശ്ലീഹായുടെ നടപ്പുകളുടെ പുസ്തകം,* കോട്ടയം, 1934, പുറം 32.
2. Maclean Arthur John, *The Catholicos of the East & His People*, London,1982, p. 246.
3. ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി (പ്ര.), *സഭാവിജ്ഞാനകോശം*,

കോട്ടയം, 1993, പുറം 223.
4. ഫിലിപ്പോസ്, ഇ. എം., *മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ*, ചിങ്ങവനം, 1977, പുറം 61.
5. പാറേട്ട്, Z.M., *മലങ്കര നസ്രാണികൾ Vol. II,* കോട്ടയം, 1966, പുറം 355.
6. Morris, J. J.,*Kerala in First Millenium A.D*, Quilon, 1984, pp. 84-6.
7. ജോസഫ് ഇടമറുക്, T. C., *കേരള സംസ്കാരം*, കോട്ടയം, 1995, pp 78-80.
8. Mar Aprem, *Sacraments of the Church of the East*,Trichur, 1978, p. 55.
9. ഏബ്രഹാം മല്പ്പാൻ, കോനാട്ട് (പരി.), *ഹൂദായ കാനോൻ*, പാമ്പാക്കുട, 1982, p. 49.
10. Maclean,*Op. Cit*.,p.245
11. Mar Aprem,*Op. Cit*, p 47
12. Mar Aprem, *Op. Cit*,p 53
13. ബാർ എബ്രായ, *സഭാചരിത്രം*, കോട്ടയം, 1990, pp. 20-3.
14. ജോർജ്ജ് വർഗീസ്, *മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാചരിത്രം, Vol. I,* കോട്ടയം, 1993, p.141.
15. Maclean,*Op. Cit*., p 243.
16. Mar Aprem,*Op. Cit*., p 63.
17. Mar Aprem,*Op. Cit*. p 47.
18. Stewart, John, *Nestorican Missionary Enterprises*, Madras,1928, p. 88.
19. Mar Aprem,*Op. Cit*.,p 57
20. തിസരാങ്ങ്, കർദിനാൾ, *ഇന്ത്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ*, കോട്ടയം, പുറം 19.
21. തിസരാങ്ങ്, *Op. Cit*., p134
22. ചെറിയാൻ, റാവു സാഹിബ്. ഒ. എം., *കാതോലിക്കാ സിംഹാസനം*, കോട്ടയം, 1953, പുറം 58.
23. ഫിലിപ്പോസ്, *Op. Cit.,* p110-35.
24. ശമുവേൽ, Rev.Dr.V.C.,*സഭ വളരുന്നു*, കോട്ടയം, 1984, p 85
25. തിസരാങ്ങ്, *Op. Cit.,* P 19
26. ദാനിയേൽ, K.N. (*Ed.*), *ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനുകൾ*,തിരുവല്ല, 1952, പുറം 29.
27. തോമസ്, എം., കുര്യൻ, *അർക്കദ്യക്കോൻ, പൗരസ്ത്യ പാശ്ചാത്യ പാരമ്പര്യങ്ങളിൽ (ലേ.)*, മലങ്കരസഭ, 1993, July & Sept issues.
28. സാമുവേൽ, *Op. Cit*.p 90
29. Ibid, pp 923
30. തിസരാങ്ങ്, *Op. Cit.,*p 50
31. ദാനിയേൽ*, Op. Cit*., pp16-23
32. ശമുവേൽ, *Op. Cit.,* p 125
33 തിസരാങ്ങ്, *Op. Cit.,*p 63
34. Mar Aprem, *Nastorian lectionary & Julian Calander*,Trichur, 1982, p.63.
35. റാഫേൽ വട്ടക്കുഴി കോർഎപ്പിസ്കോപ്പ, *വി. കുർബാനാ മിത്രം*,തൃശ്ശൂർ,1990,

pp. 1-26
36. നാഷണൽ ബുക് സ്റ്റാൾ (പ്ര), *വിശ്വ വിജ്ഞാന കോശം vol.8*, കോട്ടയം,1972, p. 79.
37. മാർ ഔദീശോ, *മാർഗ്ഗ്യാനീത്ത (മുത്ത്)*, തൃശ്ശൂർ,1982 , p 51
38. മാർ ഔദീശോ, *Op. Cit.,*pp 59-61
39. ലാംസ, ജോർജ് എം., *മശിഹായ്ക്കടുത്ത പഠിപ്പിക്കലുകൾ*, തൃശ്ശൂർ 1982, p 68
40 Att water, Donald, *The Christan Churches of the East vol. II,* Milwaukee,1947,p 259
41. Mar Aprem, *Nastorian Theology*, Trissur 1980, p11
42. Maclean, *Op. Cit.*, p 259
43. Mar Aprem, *Sacraments...*,pp 112-3
44. റാഫേൽ വട്ടക്കുഴി ,കോർ എപ്പിസ്ക്കോപ്പ, *തക്സ പ്രർത്ഥനകൾ part IV*,തൃശ്ശൂർ, p 138
45. ലംസ, *Op. Cit.,* p78
46. പാറേട്ട്, *മലങ്കര നസ്രാണികൾ vol.II*, p365
47. മാർ സെലിനാസു മെത്രാൻ, *മലയാളത്തിലെ സത്യവേദചരിത്രം*, കുന്നമ്മാവ്,1872, pp 128-9
48. തിരാസിങ്ങ്, *Op. Cit.*,p 88
49. മാർ സെലിനാസു മെത്രാൻ, *Op. Cit.*,p 2
50. പാറേട്ട്, *മലങ്കര നസ്രാണികൾ vol. II*,- p 557
51. തോമസ്,എം.കുര്യൻ, *നിരണം ഗ്രന്ഥവരി,* കോട്ടയം, 2000, p 85
52. ശാമുവേൽ, *Op. Cit.*,1984, p157
53. മാർ അപ്രേം, *പൗരസ്ത്യ സഭാചരിത്ര പ്രവേശിക*, തിരുവല്ല,1976, p 95
54. പൗളിനോസ് പാദ്രി, *പൗരസ്ത്യ ഭാരതത്തിലെ ക്രിസ്തുമതം (പരി.),* കളമശ്ശേരി, 1988, p108
55. ശാമുവേൽ, *Op. Cit.*, p 158
56. യോഹന്നാൻ കത്തനാർ, P.G., *പറവൂർ മാർത്തോമ്മൻ പള്ളി ചരിത്രം*, പറവൂർ,1919, pp 79 -80
57. തോമസ്, *നിരണം ഗ്രന്ഥവരി, Op. Cit.*, p 85
58. പൗളിനോസ് പാദ്രി, *Op. Cit.*, p 115
59. ഇട്ടൂപ്പ് റൈട്ടർ, *Op. Cit.*, p 123
60. ശാമുവേൽ, *Op. Cit.* ,p 163
61. ഫിലിപ്പോസ്, -*Op. Cit.,* p 160
62. തോമസ്, *നിരണം ഗ്രന്ഥവരി,Op. Cit.*, p 86
63. Van Der Ploeg,J.P.M.,*The Syriac Manuscriptsmof St.Thomas Christians*, Bangalore,1983, p 11
64. ഫിലിപ്പോസ്, *Op. Cit.*, p 1
65. തോമസ്, *നിരണം ഗ്രന്ഥവരി,Op. Cit.*, p 89
66. തോമസ്, *നിരണം ഗ്രന്ഥവരി,Op. Cit.*, p 89
67. പാറേട്ട്, *മലങ്കര നസ്രാണികൾ,vol.III*,കോട്ടയം, 1967,p 21

68. തോമസ്, *നിരണം ഗ്രന്ഥവരി, Op. Cit.*, p 90
69. ഇട്ടൂപ്പ് റൈട്ടർ, *Op. Cit.,* p 129
70. തോമസ്, *നിരണം ഗ്രന്ഥവരി, Op. Cit.*, p 89
71. (എ) ജോൺസ് ഏബ്രഹാം കോനാട്ട്, Rev.Fr.*മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ആരാധനാ സാഹിത്യവും ഭാഷയും (ലേ.)*, Orthodox Theological Seminary 175th Second Souvenir,.കോട്ടയം,1990. (ബി) പൗളിനോസ് പാദ്രി, *Op. Cit.,* p 12
72. തോമസ്, *നിരണം ഗ്രന്ഥവരി, Op. Cit.*, pp 89-90
73. Cherian,*Op. Cit.*, p 55
74. വർഗ്ഗീസ് കശ്ശീശ, K.C.,*മലബാർ സ്വതന്ത്ര സുറിയാനി സഭാചരിത്രം,* കുന്നകുളം, p 31
76. ചീരൻ,ഫാദർ ജോസഫ്,*പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്*, കുന്നകുളം,1992, pp 534,73
77. തോമസ്, *നിരണം ഗ്രന്ഥവരി, Op. Cit.*, p 97
78. തോമസ്, *നിരണം ഗ്രന്ഥവരി, Op. Cit.*,p 97
79. Mar Aprem,*Sacraments...,Op. Cit.,* p 57
80. തോമസ്, *നിരണം ഗ്രന്ഥവരി, Op. Cit.*, p 97
81. ഇട്ടൂപ്പ് റൈട്ടർ, *Op. Cit.*, p 134
82. ഡേവിഡ്, ഫാ. കെ., *മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം*, കോട്ടയം,1852, p 77
83. ചീരൻ., ഫാ., *Op. Cit.*, pp 789
84. റാഫേൽ വട്ടക്കുഴി ,*കുർബാനാ മിത്രം Op. Cit.*, pp 856
85 Letter to the present auther by Rev. P.K. Varghese dated 29-11-94
86. Mar Aprem, *Lectionary...*,pp 912
87. ഫിലിപ്പോസു കോറപ്പിസ്ക്കോപ്പ, ഇടവഴിക്കൽ,*സുറിയാനി സഭാ പഞ്ചാംഗം*, കൊച്ചി 1873, p133
88. തോമസ്, *Op. Cit.*, p117
89. തോമസ്, *Op. Cit.*, p 98
90. ചാക്കോ റ്റി.സി.,*മലങ്കര മാർത്തോമ്മ സഭാചരിത്ര സംഗ്രഹം രണ്ടാം ഭാഗം*, കോട്ടയം,1937, p 18
91. ആത്തുങ്കൽ ഫാ. ഗീവർഗീസ്,*യൂയാക്കിം മാർ കുറിലോസ് ബാവ സ്മൃതിപഥത്തിൽ (ലേ.)*.Mar Koorilos Souvenir,മുളന്തുരുത്തി,1974.
92. ഇട്ടൂപ്പ് റൈട്ടർ, *Op. Cit.*, pp 156-7
93. ഇട്ടൂപ്പ് റൈട്ടർ, *Op. Cit.,* p158
94. ഇട്ടൂപ്പ് റൈട്ടർ, *Op. Cit.,* p 161
95. ഇട്ടൂപ്പ് റൈട്ടർ, *Op. Cit.*,p 188
96. Cherian P., *The Malabar Syrains & Church Missionary Society*, Kottayam,1935, p 61
97 തോമസ്, *Op. Cit.*, pp 113-4
98 പാറേട്ട്, Z.M, *മലങ്കര നസ്രാണികൾ Vol III* , കോട്ടയം, 1967, p 94

99 Cherian, *Op. Cit.*, P 192
100 Cherian, *Op. Cit.,* p 194
101 പാറേട്ട്, *മലങ്കര നസ്രാണികൾ Vol III*, p 145
102 Cherian, *Op. Cit.*, pp 194-5
103 ഫിലിപ്പ്, *Op. Cit.*, p 241
104 പാമ്പാക്കുട കോനാട്ടു ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന കൈയ്യെഴുത്തു ഗ്രന്ഥത്തിന്റെ ഗർശുനിയിലുള്ള Colophone
105 =ജീവന്റെ പുസ്തകം
106 ഉമ്മൻ, P. A, *ചേപ്പാട്ടു മാർ ദീവന്യാസ്യോസ്*, ചേപ്പാട്, 1956, p 62
107 ഫിലിപ്പ്, *Op. Cit.*, p 251
108 ഫിലിപ്പ്, *Op. Cit.*, p 251
109 ഇട്ടൂപ്പ് റൈട്ടർ, *Op. Cit.*, P 131
110 ഇവല്യശമി, *Op. Cit.*, P 286
111 ഉമ്മൻ, *Op. Cit.*, p 61.
112 ഫിലിപ്പ്, *Op. Cit.*, pp 24-3
113 Cherian, *Op. Cit.*, pp 195-6
115 ചാക്കോ, *Op. Cit.*, p 15
116 പാറേട്ട്, *മലങ്കര നസ്രാണികൾ Vol III* , p 195
117 തോമസ്, Dr. M.M., *അബ്രഹാം മൽപ്പാന്റെ നവീകരണം*, തിരുവല്ല, 1984,p11
118 തോമസ്, *അബ്രഹാം മൽപ്പാന്റെ...*, *Op. Cit.*, p 11
119 *മലങ്കര മാർത്തോമ്മാ സുറിയാനി ക്രസ്ത്യാനികളുടെ കുർബാനക്രമം*, കോട്ടയം, 1930, p ii
120 തോമസ്, *അബ്രഹാം മൽപ്പാന്റെ...*, *Op. Cit.,* pp 12-3
121 പാറേട്ട്,*മലങ്കര നസ്രാണികൾ Vol III* , pp 213-4
122 ഉമ്മൻ, -*Op. Cit.*, p 127
123 ജോർജ്ജ് വർഗ്ഗീസ്, *പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ്*, കോട്ടയം,1988, p 260
124 ജോൺസ് എബ്രഹാം കോനാട്ട്, *Op. Cit.,* p 241
125 കുര്യൻ കോർ എപ്പിസ്ക്കോപ്പ, കണായാമ്പറമ്പിൽ, *മാർ കൂറിലോസ് ബാവ (ലേ.)*, മാർ കൂറിലോസ് സോവനീർ, മുളന്തുരുത്തി, 1974, p 7
126 *നമസ്ക്കാര ക്രമങ്ങൾ*, കോഴിക്കോട്, 1859, pp 12
127 ജോൺസ് എബ്രഹാം കോനാട്ട്, *Op.Cit.*, p 243 and കുര്യൻ കോർ എപ്പിസ്ക്കോപ്പ,, *Op. Cit.*,p 7
128 ജോസഫ് കത്തനാർ, *കുർബാനക്രമത്തിന്റെ തർജ്ജമ*, കൊച്ചിൻ, 1869, p i - ii
129 ചാക്കോ, *Op. Cit.*, pp 3, 18
130 *മലങ്കര മാർത്തോമ്മാ സുറിയാനി ക്രസ്ത്യാനികളുടെ കുർബാനക്രമം*, കോട്ടയം, 1930, p 27
131 ഫിലിപ്പോസ് കോർ എപ്പിസ്ക്കോപ്പ, *Op. Cit.*, pp 36-7

133 ചാണ്ടപ്പിള്ള കത്തനാർ, താഴത്ത് പുന്നത്ര, *വിലാപങ്ങൾ*, കോട്ടയം, 1989, p34

134 *കുർബാനക്രമം, അഞ്ചാം പതിപ്പ്*, കോട്ടയം, 1875, pp 1-43

134 മാർത്തോമ്മാ അച്ചുകൂടം, *കുർബാനക്രമം*, *ഒന്നാം പതിപ്പ്*, കോട്ടയം,1890, p1

135 ജോൺസ് എബ്രഹാം കോനാട്ട്, *Op. Cit.*, p 243

136 പാറേട്ട്, Z.M, *മലങ്കര നസ്രാണികൾ Vol . X* , കോട്ടയം, 1980, p 553.

137 *മലങ്കര ഇടവകപത്രിക*, 1894, ചിങ്ങം ലക്കം, കവർ 2-ാം പേജ്.

138 ചാക്കോ, ചീരാമ്യാലിൽ, *നടപടി പുസ്തകം*, മൂവാറ്റുപുഴ, 1917, p. 146.

(*മലങ്കരസഭാമാസിക, ഓഗസ്റ്റ് 2005 മുതൽ സെപ്റ്റംബർ 2006 വരെ*)